മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 09 No. 05 THE ONLINE OFFICIAL NEWS BULLETIN 2026 January 29

SEASON OF THE EPIPHANY ദനഹാകാലം ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
1 7 Hadbšabo d Kohné Sunday of the all Departed Priest	2 3 Maelto (Entance of Our Lord into the Temple) Comme. of St. Simon and Hanna. 58th Mem. of Pathros Mar Osthathios Metropolitan (Kandanad Carmel Dayara)	3 7 Comme. of Mar Barsauma & Mar Antonios Comme. of All Spiritual Father	4 3	5 7	6 3	7 7



നിനുവാ നോമ്പിനോട് അനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ നടന്ന ശുശ്രൂഷകൾക്കും വിശുദ്ധ കുർബാനയ്ക്കും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇടവകയിൽപ്പെട്ട അർഹരായവർക്ക് വീട് നൽകുന്ന പദ്ധതിയുടെ മൂന്നാംഘട്ട കൂദാശ പുതുപ്പള്ളിയിൽ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നിർവഹിച്ചു. ഒന്നര ക്കോടിയിൽ അധികം രൂപ ചെലവിൽ 15 വീടുകളാണ് പൂർത്തീകരിച്ചത്. ആദ്യത്തെ ഘട്ടംവീടുകൾ കോട്ടയം തോട്ടയ്ക്കാടും, രണ്ടാം ഘട്ടം 6 വീടുകൾ കോട്ടയം പുതുപ്പള്ളിയിലും, മൂന്നാം ഘട്ടം 3 വീടുകൾ പുതുപ്പള്ളിയിലും നിർമ്മിച്ചു.



മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിൽ നടുനോമ്പ് ദിവസം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുഗ്രഹ പ്രഭാഷണം നടത്തുന്നു. ഫാ. ബിജു മാത്യു, ജോൺസൺ കല്ലിട്ടതിൽ കോറെപ്പിസ്കോപ്പ, ബിജു ഉമ്മൻ, ഫാ. തിമോത്തി തോമസ്, കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത, ഡോ. ഏബ്രഹാം മാർ സെറാഫിം, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവർ മുൻനിരയിൽ.



37-ാമത് വാകത്താനം ഓർത്തഡോക്സ് കൺവൻഷൻ ഡോ. യൂഹാനോൻ മർ ദിയസ്കോറോസ് ഉൽഘാടനം ചെയ്തു.

കോട്ടയം ചെറിയപള്ളി മഹാ ഇടവകയ്ക്ക് ചരിത്ര നേട്ടം

കോട്ടയം: കേരള സർക്കാർ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ കോട്ടയം ചെറിയപള്ളി മഹാ ഇടവകയ്ക്ക് അഭിമാനമായ നേട്ടം ലഭിച്ചു. തീർത്ഥാടന ടൂറിസം മേഖലയിൽ പൈതൃകത്തെ സംരക്ഷിക്കുവാൻ വേണ്ടി രണ്ടു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി.



Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

ബോംബെ സന്ദർശനം

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

22-11-1951. പരുമല. രാവിലെ പുത്തൻകാവുകാരൻ കൊച്ചച്ചൻ വി. കുർബ്ബാന ആദ്യമായി ചൊല്ലി. പലരും വന്ന് നമ്മെ സന്ദർശിച്ചു.

23-11-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. മാവേലിക്കര നിന്നും റ്റി. എസ്. ഏബ്രഹാം കത്തനാർ വന്നിരുന്നു. പന്നായിക്കടവിലെ കത്തനാർ വന്ന് നാളെ അയാൾ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കെട്ടിടം കൂദാശ ചെയ്തുകൊടുക്കണമെന്ന് പറഞ്ഞു.

24-11-1951. പരുമല, കോട്ടയം. രാവിലെ കാപ്പി കഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. പന്നായിക്കടവിൽ കത്തനാരുടെ പുരകൂദാശ നടത്തി. അതു കഴിഞ്ഞ് പാത്താമുട്ടത്തിനു തിരിച്ചു. ഉച്ചയോടുകൂടി അവിടെ എത്തി റമ്പാച്ചന്റെ സുഖക്കേടു വിവരം അറിഞ്ഞു. റമ്പാച്ചന് ഇപ്പോൾ വളരെ സുഖമുണ്ട്. ഉച്ചമേശ കഴിഞ്ഞ് മൂന്നു മണിക്ക് ഇവിടെയെത്തി.

സെമിനാരി സ്ഥാപകൻ തിരുമനസ്സിലെ ഓർമ്മദിവസം നാളെയാകയാൽ ഇന്ന് പെരുന്നാൾ ചടങ്ങുകൾ ഉണ്ടായിരുന്നു. തിയോളജിക്കൽ സെമിനാരിയിൽ നിന്നും എല്ലാവരും വന്നിരുന്നു.

25-11-1951. കോട്ടയം. രാവിലെ നാമും കെ. പി. പൗലോസ് കത്തനാരും, കെ. ഫീലിപ്പോസ് കത്തനാരും കൂടി മൂന്നുമ്മേൽ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് റാസയും മറ്റും ഉണ്ടായിരുന്നു. പള്ളിനിറയെ ആളുകൾ ഇന്ന് വന്നിരുന്നു. പലരും നമ്മെ വന്നു കണ്ടു.

26-11-1951. കോട്ടയം. കെ. ഫിലിപ്പോസ് അച്ചൻ വന്നിരുന്നു. പല സംഗതികളെപ്പറ്റിയും പറഞ്ഞു.

27-11-1951. കോട്ടയം. രാവിലെ ശെമ്മാശൻ മദ്രാസിനു പോകുവാൻ ട്രെയിനിൽ സീറ്റ് ബുക്കു ചെയ്യുന്നതിന് പോയി. പാറേട്ടച്ചനും, കൊച്ചുകൊച്ചും മറ്റും വന്നിരുന്നു. ശെമ്മാശൻ സന്ധ്യയ്ക്കു തിരിച്ചുവന്നു.

28-11-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് ചാക്കോച്ചനും മാത്തുക്കുട്ടിയും മറ്റു പലരും വന്നിരുന്നു. നാളെ നാം മദ്രാസിനു പോകുന്നതിനെപ്പറ്റി സംസാരിക്കാനും മറ്റുമാണ് വന്നത്. പരുമല അച്ചൻ നമ്മോടു കൂടി മദ്രാസിനും ബോംബെയ്ക്കും മറ്റും പോകുന്നതിനായി വന്നു.

29-11-1951. കോട്ടയം, എറണാകുളം. രാവിലെ എട്ടരമണിക്ക് എറണാകുളത്തിന് തിരിച്ചു. ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, അവറാൻകുട്ടി, ജോർജ്ജുകുട്ടി, ചാക്കോച്ചൻ, ബേബി മുതലായ പല ആളുകളും നമ്മെ യാത്രയയപ്പാൻ വന്നിരുന്നു. നമ്മോടുകൂടി മാനേജരു കത്തനാരും വന്നിരുന്നു. പതിനൊന്നരയ്ക്ക് എറണാകുളം പള്ളിയിലെത്തി. ഉച്ചനമസ്കാരം കഴിഞ്ഞ് അനിയന്റെ (... ന്റെ മകൻ) വീട്ടിൽ പോയി ഊണു കഴിച്ചു. മണലിൽ കത്തനാരും മട്ടയ്ക്കലെ കൊച്ചച്ചനും മറ്റും പള്ളിയിലും റെയിൽവേ സ്റ്റേഷനിലും മറ്റും വന്നിരുന്നു. ഊണുകഴിഞ്ഞ് 5.15-നുള്ള ട്രെയിനിൽ മദ്രാസിനു തിരിച്ചു. ആലുവായിൽ ട്രെയിൻ എത്തിയപ്പോൾ ഈപ്പൻ അച്ചനും ... വന്നു നമ്മെ കണ്ടു. തൃശ്ശൂരിൽ എത്തിയപ്പോൾ വികാരി മർക്കോസ് കത്തനാരും ഡോ. ചീരൻ വർഗീസ് ആദിയായ പലരും നമ്മെ വന്നു കണ്ടു. വീണ്ടും പോത്തന്നൂർ എത്തിയപ്പോൾ കോയമ്പത്തൂർ പള്ളി വികാരി ജോസഫ് കത്തനാരും ആ ഇടവകയിൽപെട്ട അനവധി ആളുകളും വന്നു നമ്മെ കണ്ടു. മാമ്മൻ മാപ്പിളയും ഭാര്യയും ഈ ട്രെയിനിൽ ഉണ്ടായിരുന്നു.

30-11-1951. മദ്രാസ്. രാവിലെ 8.30-ന് ട്രെയിൻ ഇവിടെ സ്റ്റേഷനിൽ എത്തി. ദീവന്നാസ്യോസ് മെത്രാച്ചനും വികാരിയും ഇടവകക്കാരിൽ പലരും നമ്മെ കാത്ത് സ്റ്റേഷനിൽ നിൽപ്പുണ്ടായിരുന്നു. വികാരി മാത്യൂസ് കത്തനാർ നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. അതിനുശേഷം പ്രത്യേക കാറിൽ പള്ളിയിലേക്കു പോന്നു. പള്ളിയിലും വളരെ ആളുകൾ വന്നിരുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ കബറിടത്തിൽ



നാലു മണിയോടു കൂടി നാമും മെത്രാച്ചനും കൂടി മൈലാപ്പൂരിലുള്ള മാർത്തോമ്മാ ശ്ലീഹായുടെ കബറിടം കാണ്മാൻ പോയി. കെ. സി. കുരുവിളയാണ് ടിയാന്റെ കാറിൽ ഞങ്ങളെ കൊണ്ടുപോയത്. കബറുങ്കൽ പോയി പ്രാർത്ഥന കഴിഞ്ഞശേഷം കുരുവിളയുടെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. അനന്തരം പല സ്ഥലങ്ങളും ടിയാൻ ഞങ്ങളെ കൊണ്ടുപോയി കാണിച്ചു. അഞ്ചര മണിക്ക് തിരിച്ച് പള്ളിയിലെത്തി. സന്ധ്യാനമസ്കാരത്തിനും കുറെ ആളുകൾ പള്ളിയിൽ വന്നിരുന്നു.

1-12-1951. മദ്രാസ്. രാവിലെ ദീവന്നാസ്യോസ് മെത്രാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പല ആളുകളും നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞ് അഞ്ചു മണിക്ക് മെമ്മോറിയൽ ഹാളിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം കൂടിയ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാമും മെത്രാച്ചനും കൂടി പോയി. ഹാൾ നിറയെ ആളുകൾ സംബന്ധിച്ചിരുന്നു. റവ. ചെല്ലപ്പാ നമ്മുടെ സഭയെപ്പറ്റിയും മറ്റും വളരെ കാര്യമായി പ്രസംഗിച്ചു. അനന്തരം നാമും മെത്രാച്ചനും പ്രസംഗിച്ചു. വിഭവസമൃദ്ധമായ കാപ്പിസൽക്കാരവും ഉണ്ടായിരുന്നു. ആറു മണിക്ക് തിരിച്ചെത്തി.

2-12-51. മദ്രാസ്. രാവിലെ നാമും മെത്രാച്ചനും കാരിക്കോട്ടച്ചനും കൂടി മൂന്നുമ്മേൽ കുർബ്ബാന അർപ്പിച്ചു. ആയിരത്തിൽപരം ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. പല സായിപ്പന്മാരും കുർബ്ബാന കാണ്മാൻ വന്നിരുന്നു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. പതിനൊന്നരയ്ക്ക് കുർബ്ബാന അവസാനിച്ചു. മൂന്നു മണിക്ക് കെ.എം. ഉമ്മൻ കാറുമായി വന്നു. നാമും മെത്രാച്ചനും

മറ്റും കൂടി ടിയാന്റെ അനുജന്റെ കബറിടം സന്ദർശിച്ചുപ്രാർത്ഥന നടത്തി. മാമ്മൻ മാപ്പിളയും ഭാര്യയും ഉമ്മച്ചനും കെ. എം. ചെറിയാനും പീലിക്കുട്ടിയും അവരുടെ ഭാര്യമാരും മക്കളും മറ്റും ശവക്കോട്ടയിൽ വന്നിരുന്നു.

അതിനുശേഷം മി. മാണിയുടെ കാറിൽ ടിയാന്റെ ഓഫീസിൽ പോയി പ്രാർത്ഥന നടത്തി. ജോലിക്കാരും മറ്റു പലരും അവിടെ കൂടിയിരുന്നു. അഞ്ചരയ്ക്ക് ഇവിടെ എത്തി. സണ്ടേസ്കൂൾ മീറ്റിംഗിൽ മെത്രാച്ചൻ പ്രസംഗിച്ചു.

3-12-1951. മദ്രാസ്. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം കുരുവിളയുടെയും, മാണിയുടെയും കുട്ടികളെ മാമോദീസാ മുക്കി. മൂന്നു മണിക്ക് മാമ്മൻ മാപ്പിളയുടെ കൊച്ചുമകന്റെ വിവാഹം നടത്തിക്കൊടുത്തു. തുമ്പമൺ എം. ജി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്കറിയായുടെ മകളാണ് പെണ്ണ്. തുമ്പമൺ നിന്നും പലരും വന്നിരുന്നു. പള്ളി നിറയെ പല മാന്യന്മാരും പല സമുദായങ്ങളിൽ നിന്നും വന്നിരുന്നു. മാമ്മൻ മാപ്പിളയും ഭാര്യയും നേരത്തെ വന്നിട്ടുണ്ടായിരുന്നു.


4-12-1951. മദ്രാസ്. രാവിലെ 7.30-നുള്ള ബോംബെ എക്സ്പ്രസിൽ ബോംബെയ്ക്ക് തിരിച്ചു. സ്റ്റേഷനിൽ വികാരിയും സെക്രട്ടറിയും പള്ളിക്കാരിൽ പലരും മാമ്മൻ മാപ്പിളയും മറ്റും വന്നിരുന്നു. മെത്രാച്ചനും നമ്മോടുകൂടി ട്രെയിനിൽ ഉണ്ടായിരുന്നു. രാത്രിയിലും ട്രെയിനിലായിരുന്നു. ഇടയ്ക്ക് പല സ്റ്റേഷനിലും നമ്മുടെ ആളുകൾ വന്നു നമ്മെ കണ്ടുകൊണ്ടിരുന്നു.

5-12-1951. ബോംബെ. രാവിലെ പൂനായിൽ ട്രെയിൻ എത്തിയപ്പോൾ നമ്മുടെ ആളുകളിൽ പലരും വന്നു നമ്മെ കണ്ട് പതിനാറിന് ഞായറാഴ്ച പൂനയിൽ കുർബ്ബാന അർപ്പിക്കത്തക്കവണ്ണം നാം നേരത്തെ അവിടെ എത്തണമെന്ന് അറിയിച്ചു. ബോംബെയിൽ എത്തിയശേഷം വിവരം അറിയിക്കാമെന്ന് നാം മറുപടി പറഞ്ഞു. ഉച്ചയ്ക്ക് രണ്ടു മണിക്ക് ബോംബെ വി. ടി. സ്റ്റേഷനിൽ എത്തി. വലിയ ജനക്കൂട്ടം നമ്മെ കാത്തുനിന്നിരുന്നു. വികാരി കോശി കത്തനാർ നമ്മെയും മെത്രാച്ചനെയും ഹാരമണിയിച്ചു സ്വീകരിച്ചു. അവിടെനിന്നും പാപ്പച്ചന്റെ കാറിൽ ബിഷപ്പ് ലാഷിന്റെ അരമനയിൽ എത്തി. ബിഷപ്പ് അവിടെ ഉണ്ടായിരുന്നു. വളരെ സന്തോഷത്തോടുകൂടി നമ്മെ അദ്ദേഹം സ്വീകരിച്ച് നമുക്ക് താമസിക്കുന്നതിനുള്ള മുറികളും മറ്റും കാണിച്ചുതന്നു. വളരെ സൗകര്യത്തിന് മുറികളും കക്കൂസും കുളിമുറിയും മറ്റും ഉണ്ട്. വിശ്രമിച്ചശേഷം അഞ്ചര മണിക്ക് പുതുതായി പണികഴിപ്പിച്ചിട്ടുള്ള പള്ളിയിലേക്ക് പോയി. മെത്രാച്ചനും വന്നിരുന്നു. നമസ്കാരം നടത്തി. പത്തുനൂറു പേർ പള്ളിയിൽ വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് പതിനഞ്ച് മിനിറ്റ് നേരം പ്രസംഗിച്ചു. എട്ടര മണിക്ക് തിരിച്ച് ഇവിടെ ബിഷപ്പ്സ് ഹൗസിൽ എത്തി. രാത്രി താമസിച്ചു. ബിഷപ്പ് വന്ന് വളരെ സമയം പല സംഗതികളെക്കുറിച്ച് പറഞ്ഞു. മെത്രാച്ചൻ അവ പൊരുളുതിരിച്ച് പറഞ്ഞുകൊണ്ടിരുന്നു.

6-12-1951. ബോംബെ. രാവിലെ പല ആളുകളും നമ്മെ വന്നു സന്ദർശിച്ചുകൊണ്ടിരുന്നു. നാട്ടുകാരായ നമ്മുടെ ആളുകൾക്ക് വലിയ സന്തോഷവും താല്പര്യവും ഉണ്ടായിട്ടുണ്ട്. ആറു മണിക്ക് ബിഷപ്പിന്റെ വകയായി ഇവിടെ വച്ച് നമ്മുടെ ബഹുമാനാർത്ഥം ഒരു ടീപാർട്ടി നടത്തി. നാമും മെത്രാച്ചനും പോയിരുന്നു. പല മഹാന്മാരായ ആളുകളും ബിഷപ്പിന്റെ ക്ഷണപ്രകാരം വന്നിരുന്നു. അവരെയെല്ലാം ബിഷപ്പ് നമ്മെ പരിചയപ്പെടുത്തുകയും നമ്മെ അവർക്കു പരിചയപ്പെടുത്തുകയും ചെയ്തു. ഒരു മണിക്കൂർ നേരത്ത് പാർട്ടി ഉണ്ടായിരുന്നു.

7-12-1951. രാവിലെ പള്ളിയിൽ പോയി. വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മദ്ബഹായുടെ കല്ലിടീൽ ശുശ്രൂഷ നടത്തി. 75 പേരോളം ഇതിൽ സംബന്ധിച്ചു. തോട്ടയ്ക്കാട്ടുകാരൻ ഫീലിപ്പോസ് അച്ചനും ഈ ചടങ്ങുകളിൽ സംബന്ധിപ്പാൻ നേരത്തെ വന്നിരുന്നു. നമ്മുടെ പള്ളി 75000-ത്തിൽപരം രൂപാ ചിലവാക്കി പണിതതാണ്. ചെറുതെങ്കിലും വളരെ മനോഹരമായും പ്ലെയിനായും പണികഴിപ്പിച്ചിട്ടുണ്ട്. പള്ളിയുടെ സമീപം ഒരു ചെറിയ കെട്ടിടം ഉണ്ട്. രണ്ടു മുറിയും ഒരു കുളിമുറിയും കക്കൂസും ഉണ്ട്. അവിടെ വികാരി ടി. ജി. കോശി കത്തനാർ താമസിക്കുന്നു.

അഞ്ചര മണിക്ക് നമസ്കാരത്തിനു പള്ളിയിൽ പോയി. നമസ്കാരം കഴിഞ്ഞ് ഇന്നും നാം പ്രസംഗിക്കണമെന്ന് ആളുകൾക്ക് അത്യധികം ആഗ്രഹമുണ്ടെന്ന് അച്ചൻ അറിയിച്ചതിനാൽ ഒരു ചെറിയ പ്രസംഗം ചെയ്തു. ഇന്ന് നമ്മെ ഇൻസുലിൻ കുത്തിവച്ചു. എട്ടരയ്ക്ക് തിരിച്ച് ഇവിടെ എത്തി.



8-12-1951. ബോംബെ. ഇന്നും പല ആളുകളും നമ്മെ വന്നു കണ്ടുകൊണ്ടിരുന്നു. ജോൺ ക്ലേറിയും അവന്റെ സഹോദരിയും അളിയനും വന്നിരുന്നു. ജോണിനെ നാം പ്രത്യേകം ഗുണദോഷിക്കയും ശാസിക്കയും ചെയ്തു.

പൂനയിലും മറ്റു സ്ഥലങ്ങളിലും പാർക്കുന്ന നമ്മുടെ ആളുകളുടെ ഉപയോഗത്തിനായി സി.എം.എസ്. പള്ളി അനുവദിക്കുന്നതിനെപ്പറ്റി ബിഷപ്പും നാമും മെത്രാച്ചനും കോശി കത്തനാരും കൂടി ചിലതെല്ലാം ആലോചിച്ചു.

മൂന്നര മണിക്ക് റിസപ്ഷൻ മീറ്റിംഗിലും സെയിലിലും മറ്റും സംബന്ധിക്കുന്നതിനായി റോബർട്ട്മണി സ്കൂളിലേക്കു പോയി. മെത്രാച്ചനും കൂടെ ഉണ്ടായിരുന്നു. ഫോർഡ് കമ്പനിക്കാർ നമ്മുടെ ഉപയോഗത്തിനായി നാം ഇവിടെ നിന്നും പോകുന്ന വരത്തേക്കും ഒരു പുതിയ വലിയ വണ്ടി ഇങ്ങോട്ടു കൊടുത്തയച്ചിട്ടുണ്ട്. മീറ്റിംഗ് സ്ഥലത്തേക്ക് നാം എത്തിയപ്പോഴേക്കും മൂന്നു മിനിറ്റ് മുമ്പ് ബോംബെ ഗവർണർ ശ്രീ. മഹാരാജ് സിംഗും അവിടെ എത്തിയിരുന്നു. 4.15-നു മീറ്റിംഗ് ആരംഭിച്ചു. വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. റോമ്മൻ കത്തോലിക്കരൊഴിച്ച് ബോംബെയിലുള്ള മറ്റെല്ലാ ക്രിസ്തീയ വിഭാഗങ്ങളും ഈ സ്വീകരണ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. അച്ചാമ്മ (ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ ജോൺ മത്തായി. ഇന്ത്യയിലെ ആദ്യ ധനകാര്യ മന്ത്രിയും മലങ്കര സഭാംഗവുമായ ജോൺ മത്തായിയുടെ ഭാര്യ. രണ്ടു പേരെയും ഈ ദൈവാലയത്തിന്റെ സെമിത്തേരിയിലാണ് കബറടക്കിയിരിക്കുന്നത് - എഡിറ്റർ) സ്വാഗതപ്രസംഗം നടത്തി. അനന്തരം ഗവർണർ അദ്ധ്യക്ഷസ്ഥാനത്തു നിന്നും സ്വല്പസമയം പറഞ്ഞു. കൂടുതൽ സംഗതികൾ അവസാനം പറയാമെന്നു പറഞ്ഞ് പ്രസംഗം അവസാനിപ്പിച്ചു. അതിനുശേഷം Mr. J. S. S. Malelu (പ്രമുഖ ബാങ്കറും ബോംബെ വൈ.എം.സി.എ. പ്രസിഡണ്ടുമായിരുന്നു ആ സമയത്ത്. പിന്നീട് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ഓണററി പ്രസിഡണ്ടും കാസായുടെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ചു. - എഡിറ്റർ), Rt. Rev. Dr. James Kellock (Principal of Wilson College, Bombay - Editor), Bombay Bishop Lash (William Quinlan Lash: Anglican Bishop of Bombay - Editor) എന്നിവർ ഓർത്തഡോക്സ് സിറിയൻ ചർച്ചിനെക്കുറിച്ചും സഭകളുടെ ഒന്നിപ്പിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു. പിന്നീട് നമ്മുടെ മറുപടി പ്രസംഗമായിരുന്നു. ആദ്യമായി ഗവർണറും ഭാര്യയും നമ്മെ സ്വീകരിക്കുന്നതായ ഈ മീറ്റിംഗിൽ സന്നിഹിതരായിരിക്കുന്നതിൽ അവരോടുള്ള നമ്മുടെ സന്തോഷത്തെ പ്രദർശിപ്പി

ക്കുകയും നമ്മുടെ സഭയെപ്പറ്റി ഒരു ചുരുങ്ങിയ വിവരണം പറയുകയും, എല്ലാ സഭകളും തമ്മിലുള്ള യോജിപ്പ് അത്യാവശ്യമാണെന്നും, എന്നാൽ കാനോനാകൾക്കും ചട്ടംകെട്ടുകൾക്കും വിശ്വാസത്തിനും യാതൊരു വ്യത്യാസവും വരുത്താതെ പൂർവ്വിക പിതാക്കന്മാർ നമ്മെ ഭരമേല്പിച്ചിട്ടുള്ളപ്രകാരം അതേപടി നടത്തിക്കൊണ്ടുപോകുന്ന സഭ "ഓർത്തഡോക്സ് സിറിയൻ സഭ" ആണെന്നും, കിഴക്കിന്റെ കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയാണെന്നും, നിഖ്യാ സുന്നഹദോസിനു മുമ്പുതന്നെ ഈ സിംഹാസനം ഉണ്ടായി എന്നും, നിഖ്യായിൽ, റോമ്മാ, അലക്സന്ത്രിയ, അന്ത്യോഖ്യാ, കുസ്തന്തീനോപ്പോലീസ് ഈ സ്ഥലങ്ങളിലേക്ക് നാലു പാത്രിയർക്കീസന്മാരെ നിയമിക്കയും കിഴക്കുള്ള മറ്റ് സ്ഥലങ്ങളിലേക്കു മുൻ കാതോലിക്കായെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു എന്നും, പല സഭകൾ തമ്മിൽ പിരിഞ്ഞുപോയത് വിശ്വാസത്തിന്റെ പേരിലല്ല, പിന്നെയോ അധികാരമോഹം കൊണ്ടാണെന്നും, അവയെല്ലാം കളഞ്ഞ് പഴയ സത്യത്തെ നാം മുറുകെപിടിച്ച് പഴയ സഭയുമായി ചേർന്ന് കാതോലിക്കാ സിംഹാസനത്തിൻകീഴിൽ വരേണ്ടത് അത്യാവശ്യമാണെന്നും മറ്റും പറഞ്ഞുകൊണ്ടും എല്ലാവർക്കും ഒന്നുകൂടി നന്ദി പറഞ്ഞുകൊണ്ടും അവസാനിപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗം ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു പറഞ്ഞു.

പിന്നീട് നടന്നത് ഗവർണറുടെ പ്രസംഗമായിരുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിൽ എല്ലാ സഭകളും His Holiness നെ സ്വീകരിക്കുന്നതിൽ സഹകരിക്കുന്നു എന്നറിയുന്നതിൽ താൻ സന്തോഷിക്കുന്നുണ്ടെങ്കിലും ഒരു കൂട്ടർ ഞാൻ പേരു പറയുന്നില്ല (റോമൻ കത്തോലിക്കർ) ഇതിൽ സഹകരിക്കുന്നില്ലെന്നറിയുന്നതിൽ തനിക്കു വളരെ സങ്കടമുണ്ടെന്നും, അതിനെപ്പറ്റി അധികമായി ഒന്നും പറയുന്നില്ലെന്നും മറ്റും പ്രത്യേകം എടുത്തു പറഞ്ഞു. ഇന്ത്യയിലെ എല്ലാ സഭകളും തമ്മിൽ യോജിച്ചു കാണ്മാൻ വളരെ ആഗ്രഹിക്കുന്നെന്നും വ്യക്തിപരമായി പറഞ്ഞാൽ ഏതു പള്ളിയിലും പോയി ആരാധനകളിൽ സംബന്ധിക്കുന്നതിന് തനിക്ക് ഇഷ്ടമാണെന്നും ഒന്നിനെയും ദ്വേഷിക്കുന്നില്ലെന്നും മറ്റും അദ്ദേഹം പ്രസ്താവിച്ചു. ബോംബെയിലെ നമ്മുടെ പള്ളിയെപ്പറ്റിയും, നമ്മുടെ ആളുകളെപ്പറ്റിയും മറ്റും കുറച്ചുസമയം ശ്ലാഘ്യമായി പറഞ്ഞശേഷം പ്രസംഗം അവസാനിപ്പിച്ചു.

കൃതജ്ഞതാ പ്രകാശനത്തിനു ശേഷം മീറ്റിംഗ് അവസാനിച്ചു. പിന്നീട് ഗവർണറും ഭാര്യയും നാമും മെത്രാച്ചനും കൂടി കൗതുകവില്പനയ്ക്കു വന്നിട്ടുള്ള സാധനങ്ങൾ സന്ദർശിച്ചു. അഞ്ചര മണിക്കു പള്ളിയിൽ പോയി നമസ്കാരശേഷം പള്ളികൂദാശയുടെ ആദ്യഭാഗം നിർവ്വഹിച്ച ശേഷം തിരിച്ച് ഒമ്പതു മണിക്കു ഇവിടെ എത്തി.

9-12-1951. ബോംബെ. രാവിലെ പള്ളിയിൽ പോയി. ഏഴേകാലിനു നമസ്കാരം ആരംഭിച്ചു. ഏഴരയ്ക്കു പള്ളികൂദാശ ആരംഭിച്ചു (ബിഷപ്പ് ലാഷും ഗവർണരും ഭാര്യയും വിൽസൺ കോളജ് പ്രിൻസിപ്പൽ റവ. കെല്ലറും ഭാര്യയും കൂദാശ കാണുന്നതിന് പള്ളിയിൽ വന്നിരുന്നു. ബിഷപ്പ് വി. കുർബ്ബാനയും കഴിഞ്ഞാണ് പോയത്.). പത്തര മണിക്ക് കൂദാശ അവസാനിച്ചു. അനന്തരം കുർബ്ബാനയ്ക്കു ആരംഭിച്ചു. 12 മണിക്കു കുർബ്ബാന അവസാനിച്ചു. കാപ്പി കഴിഞ്ഞ് ഇവിടേക്കു പോന്നു. ഇന്നത്തെ കാണിക്ക 500-ൽപരം രൂപായും ഇന്നലത്തെ വില്പനയുടെ പണം അയ്യായിരം രൂപായും ഉണ്ടായിരുന്നു. ഇന്ന് പല സഭകളിൽ നിന്നുമായി ആയിരത്തിൽപരം ആളുകൾ പള്ളിയിൽ വന്നിരുന്നു.

ഉച്ചകഴിഞ്ഞ് നാലരയ്ക്കു പള്ളിയിൽ പോയി. നമ്മുടെ ആളുകൾ മിക്കവാറും അവിടെ കൂടിയിരുന്നു. അഞ്ചര മണിക്കു പള്ളിയുടെ ഒരു പൊതുയോഗം കൂടി. സ്വാഗതപ്രസംഗ ശേഷം വികാരിയച്ചനും നാമും മെത്രാച്ചനും ഓരോ പ്രസംഗം ചെയ്തു. സെക്രട്ടറി റിപ്പോർട്ടിന്റെ ചുരുക്കം പറഞ്ഞു. എട്ടു മണിക്ക് മീറ്റിംഗ് അവസാനിച്ചു. അനന്തരം സന്ധ്യാനമസ്കാരം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. ഒമ്പതര മണിക്ക് തിരിച്ച് ഇവിടെ എത്തി.

10-12-1951. ബോംബെ. ഇന്നു രാവിലെ പല ആളുകളും വന്ന് നമ്മെ കണ്ടു. അർമ്മീനിയൻ പള്ളിയിലെ മാനേജർ സായിപ്പ് വന്ന് നമ്മെ അങ്ങോട്ടു ക്ഷണിച്ചു. നാളെ ചെല്ലാമെന്ന് നാം സമ്മതിച്ചു. നാലരയ്ക്കു നമ്മുടെ ബഹുമാനാർത്ഥം ഗവർണർ ഗവണ്മെന്റ് ഹൗസിൽ വച്ചു നടത്തുന്ന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാമും മെത്രാച്ചനും ബിഷപ്പ് ലാഷും കൂടി പോയി. അഞ്ചു മണിക്ക് അവിടെ എത്തി. ഗവർണ്ണറും ഭാര്യയും വന്ന് നമ്മെ വളരെ സന്തോഷത്തോടു കൂടി സ്വീകരിച്ചു. ഇതിൽ സംബന്ധിക്കുന്നതിനായി ഗവർണ്ണരുടെ ക്ഷണമനുസരിച്ച് ബോംബെ ആർച്ച് ബിഷപ്പ് ഗ്രേഷ്യസ്, ബിഷപ്പ് ലാഷ്, ഫാ. ടി. ജി.



ബോംബെ പൗരാവലി ഗവർണ്ണർ മഹാരാജസിംഗിന്റെ അദ്ധ്യക്ഷതയിൽ നൽകിയ സ്വീകരണത്തിനു പ. ഗീവർഗീസ് രണ്ടാമൻ ബാവാ മറുപടി പറയുന്നു.

കോശി, ഫാ. ഫീലിപ്പോസ്, ഫാ. അലക്സാണ്ടർ (മാർത്തോമ്മാ), റവ. ഡോ. കെല്ലർ, മിസ്റ്റർ & മിസ്സിസ് മലേലു, മിസ്സിസ് ജോൺ മത്തായി, മിസ്റ്റർ & മിസ്സിസ് കെ. എം. ഫിലിപ്പ്, മിസ്റ്റർ & മിസ്സിസ് ടി മത്തായി ആദിയായി അമ്പതിൽപരം ആളുകൾ സംബന്ധിച്ചു. ഗവർണ്ണറും ഭാര്യയും നമ്മുടെ അടുക്കൽ വന്ന് ഇന്നലത്തെ പള്ളി കൂദാശയുടെ ശുശ്രൂഷയെപ്പറ്റിയും, വയസ്സനായ നാം ഇതു മുഴുവൻ വിശ്രമം കൂടാതെ നിർവ്വഹിച്ചതിനെപ്പറ്റിയും മറ്റും വളരെ ശ്ലാഘനീയമായി പറഞ്ഞു. റാണി അത്യധികം സന്തോഷവതിയായി കാണപ്പെട്ടു. നമ്മുടെ കുർബ്ബാന കാണുന്നതിനും അത് അനുഭവിക്കുന്നതിനും, നമ്മുടെ സഭയുമായി യോജിച്ചു നടക്കുന്നതിനും അവർക്ക് വലിയ ആഗ്രഹമുണ്ടെന്നും മറ്റും പറഞ്ഞു. അനന്തരം ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതു കഴിഞ്ഞ് നമ്മെ കൈയ്ക്കു പിടിച്ച് കൊണ്ടുപോയി ഇരുത്തിയത് അവർ തന്നെയായിരുന്നു. അവിടെ കൂടിയിരുന്ന എല്ലാവരെയും നമുക്ക് പരിചയപ്പെടുത്തുകയും നമ്മെ അവർക്കു പരിചയപ്പെടുത്തുകയും ചെയ്തു. വളരെ സന്തോഷകരമായ ഒരു പാർട്ടിയായിരുന്നു ഇന്നത്തേത്. ആറരയ്ക്കു എല്ലാം അവസാനിച്ച് തിരിച്ചുപോന്നു. വൈകിട്ടും പലരും ഇവിടെ വന്നിരുന്നു.

11-12-1951. ബോംബെ. രാവിലെ ബിഷപ്പിന്റെ ക്ഷണപ്രകാരം ആശ്രമം ചാപ്പലും സെന്റ് തോമസ് കത്തീഡ്രലും സന്ദർശിച്ചു. അതിനുശേഷം അർമ്മീനിയൻ പള്ളിക്കാരുടെ ക്ഷണപ്രകാരം ടി പള്ളിയിലേക്കു പോയി. അവിടെ എത്തിയപ്പോൾ അവരുടെ കഹനാ (പട്ടക്കാരൻ) കാപ്പാ ആദിയായ അംശവസ്ത്രങ്ങൾ ധരിച്ച് നമ്മെ സ്വീകരിച്ച് പ്രത്യേക ഗാനങ്ങൾ പാടിക്കൊണ്ട് മദ്ബഹായിലേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞ് എല്ലാവരും വന്ന് കൈ മുത്തുകയും മുട്ടുകുത്തി അനുഗ്രഹം വാങ്ങുകയും ചെയ്തു.

അതിനുശേഷം എല്ലാവരും കൂടി കാപ്പി കുടിച്ചു. എല്ലാവർക്കും വളരെ സന്തോഷമായിരുന്നു. അവിടെയും ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. ഉച്ചകഴിഞ്ഞ് കൗളി ഫാദേഴ്സിന്റെ ക്ഷണമനുസരിച്ച് അവരുടെ ആശ്രമത്തിൽ പോയി. നാലു മണിക്ക് ഒന്നിച്ച് ചായ കഴിച്ചു. അവരു വളരെ സന്തോഷമായി പെരുമാറുകയും എല്ലാവരും മുട്ടുകുത്തി അനുഗ്രഹം വാങ്ങുകയും ചെയ്തു. അവിടെ നിന്നും അവരുടെ കന്യാസ്ത്രീ മഠവും സന്ദർശിച്ചു. അവിടുത്തെ മദർ സുപ്പീരിയറിന് നടക്കാൻ പാടില്ലാഴികയാൽ കസേരയിൽ എടുത്തുകൊണ്ടു വന്നു. അര മണിക്കൂർ നേരം സംഭാഷണം നടത്തി. ലഘുഭക്ഷണം കഴിഞ്ഞ് തിരിച്ചുപോന്നു. സന്ധ്യയ്ക്കു പള്ളിയിൽ എത്തി നമസ്കാരം നടത്തി. നൂറുപേരോളം വന്നിരുന്നു. നമസ്കാരശേഷം മെത്രാച്ചൻ പ്രസംഗിച്ചു.

12-12-1951. ബോംബെ. രാവിലെ പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ, തോനയ്ക്കാട്ടുകാരൻ ഇവിടെ എം.എ. യ്ക്കു പഠിക്കുന്ന ഒരു കൊച്ചനും, ഉള്ളന്നൂർക്കാരൻ ഇന്ററിനു പഠിക്കുന്ന ഒരു കൊച്ചനും കോറൂയോ പട്ടം കൊടുത്തു. കുർബ്ബാന കഴിഞ്ഞ് ഈ ഇടവകയിലുള്ള പത്തു കുട്ടികളെ മാമോദീസാ മുക്കി. കുർബ്ബാനയും പട്ടംകൊടയും മാമോദീസായും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കാണുന്നതിന് അർമ്മീനിയൻ പള്ളിയിലെ അച്ചനും പള്ളിക്കാരും കൂടി വന്നിരുന്നു. 12 മണിക്ക് എല്ലാം അവസാനിച്ചു. കാപ്പി കഴിഞ്ഞ് അവർ തിരിച്ചു പോയി.

ഉച്ചകഴിഞ്ഞ് ബിഷപ്പിന്റെ അരമനയിൽ ചില അതിഥികൾ വരുന്നതുകൊണ്ട് പീലിക്കുട്ടിയുടെ വീട്ടിലേക്ക് തമസം മാറ്റി. പീലിക്കുട്ടി മാത്രമേ ഇവിടെ താമസമുള്ളു. ഭാര്യയും മറ്റും നാട്ടിലേക്കു പോയിരിക്കയാണ്. താമസം വളരെ സൗകര്യമായിരിക്കുന്നു.

നാലു മണിക്ക് പള്ളിയിൽ പോയി. കമ്മിറ്റിക്കാരും ഞങ്ങളെല്ലാവരും കൂടിയുള്ള ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതു കഴിഞ്ഞ് കൽസാ കോളജിൽ ഇവിടുത്തെ മലയാളി ക്രിസ്ത്യാനികൾ പത്തു സമുദായക്കാർ കൂടി നമ്മുടെ ബഹുമാനാർത്ഥം നടത്തുന്ന മീറ്റിംഗിൽ സംബന്ധിക്കുന്നതിനു പോയി. മിസിസ്സ് ജോൺ മത്തായി ആദ്ധ്യക്ഷം വഹിച്ചു. ഇവിടുത്തെ ആംഗ്ലിക്കൻ പള്ളിയിലെ അച്ചനും, മാർത്തോമ്മാ അച്ചനും, നമ്മുടെ ടി. ജി. കോശി കത്തനാരും പൂനായിൽ നിന്നും ചെറിയാനും മറ്റും പ്രസംഗിച്ചു. അനന്തരം ഒരു മംഗളപത്രം മി. വർഗീസ് വായിച്ച് ഒരു വെള്ളി കാസ്ക്കറ്റിൽ ആക്കി നമുക്ക് സമർപ്പിച്ചു. അതിനു സമുചിതമായ മറുപടി നാം പറഞ്ഞു. എല്ലാവരും പറഞ്ഞത് സഭകളുടെ യോജിപ്പിനെപ്പറ്റിയാണ്. വിശ്വാസത്തിൽ യോജിക്കാത്തിടത്തോളം കാലം, വിശ്വാസസംബന്ധമായും, കൂദാശാപരമായും, മറ്റും യോജിക്കയോ പൊതുപ്രാർത്ഥനാക്രമം ഉണ്ടാക്കുകയോ ചെയ്യുന്നതിന് നാം ഒരിക്കലും അനുവദിക്കയില്ലെന്നു നാം പ്രത്യേകം എടുത്തു പറഞ്ഞു. ഏഴരയ്ക്കു മീറ്റിംഗ് അവസാനിച്ചു. പള്ളിയിൽ എത്തി സന്ധ്യാനമസ്കാരം നടത്തി.

13-12-1951. ബോംബെ, പൂന. രാവിലെ പാപ്പച്ചനും മത്തുക്കുട്ടിയും കുരുവിള മാത്യുവും മറ്റു പലരും വന്നിരുന്നു. ഉച്ചകഴിഞ്ഞ് നാലേകാൽ മണിക്ക് പൂനായിക്കു പോകുന്നതിനു തിരിച്ചു. റയിൽവേ സ്റ്റേഷനിൽ വികാരിയച്ചനും, പീലിക്കുട്ടിയും മറ്റു പലരും വന്നിരുന്നു. അഞ്ചു മണിക്ക് വണ്ടി പുറപ്പെട്ടു. എട്ടേകാലിന് ഇവിടെ എത്തി. പൂനാ സ്റ്റേഷനിൽ വളരെയധികം ആളുകൾ നമ്മെ കാത്തുനിന്നിരുന്നു. ട്രെയിനിൽ നിന്നും ഇറങ്ങിയപ്പോൾ സി.പി.എസ്. ആശ്രമത്തിലെ ഫാ. സച്ചാൽ നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. കൂടാതെ ഇവിടെയുള്ള മാർത്തോമ്മാക്കാരുടെ വകയായും ഓരോ മാലകൾ നമുക്കും മെത്രാച്ചനും ഇട്ടു. അതുകഴിഞ്ഞ് ഇവിടെയുള്ള Old ham methodist Church Parish-ൽ എത്തി താമസിച്ചു. വളരെ സൗകര്യമുള്ള മുറികളുള്ള ഒരു നല്ല കെട്ടിടമാണ് ഇത്. നമ്മുടെ ആളുകൾ പലരും രാത്രി 12 മണി വരെയും ഇവിടെ ഉണ്ടായിരുന്നു. വളരെ ഉത്സാഹവും, സന്തോഷവും, ഊർജ്ജിതവും നമ്മുടെ പിള്ളേരിൽ കാണുന്നുണ്ട്. രാത്രിയിൽ നല്ലവണ്ണം തണുപ്പുണ്ടായിരുന്നു.

14-12-1951. പൂനാ. രാവിലെ നമ്മുടെ ആളുകൾ പലരും വന്നിരുന്നു. സി. പി. മാത്തന്റെ സഹോദരിയും, ഐ. ശമുവേലിന്റെ മകളും ഭർത്താവും മറ്റു പലരും വന്നിരുന്നു. ശമുവേലിന്റെ മകൾ ഒരു ഡോക്ടർ ആണ്. അവൾ മൂത്രം പരിശോധിച്ച് കുത്തിവച്ചു. അഞ്ചു മണിക്ക് Sang Sing-ന്റെ വീട്ടിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം അയാൾ നടത്തുന്ന ടീ പാർട്ടിയിൽ സംബന്ധിക്കുന്നതിനു പോയി. മെത്രാച്ചനും വന്നിരുന്നു. 25 പേരോളം ഇതിൽ സംബന്ധിച്ചു. എല്ലാവരുമായി പരിചയപ്പെട്ടതിനുശേഷം ആറു മണിക്ക് ഇവിടെയുള്ള സെന്റ് പോൾസ് പള്ളിയിൽ എത്തി സന്ധ്യാനമസ്കാരം നടത്തി. കുറെ ആളുകൾ നമസ്കാരത്തിൽ സംബന്ധിപ്പാൻ വന്നിരുന്നു.

15-12-1951. പൂനാ. ഇന്നും ഡോക്ടർ വന്നു കുത്തിവച്ചു. നമ്മുടെ ആളുകൾ എപ്പോഴും വന്നും പോയും കൊണ്ടിരിക്കുന്നുണ്ട്. ഉച്ചയ്ക്ക് എസ്.പി.എസ്. ആശ്രമത്തിൽ അവരുടെ ക്ഷണപ്രകാരം എത്തി ഭക്ഷണം കഴിച്ചു. ടോസ്റ്റ് പറച്ചിൽ കഴിഞ്ഞ് ചാപ്പലും ഹോസ്റ്റലും സന്ദർശിച്ചു. പിന്നീട് ഫാ. വില്യം മരിച്ചു പോയി എന്നറിഞ്ഞ് പള്ളിയിൽ എത്തി ശവശരീരം കണ്ട് പ്രാർത്ഥന നടത്തി. അവിടെ നിന്നും കാർക്കയിൽ പോയി അവിടെയുള്ള നമ്മുടെ ആളുകൾ തയ്യാറാക്കിയിരുന്ന ഗാർഡൻ പാർട്ടിയിൽ സംബന്ധിച്ചശേഷം ഓൾ സെയിന്റ്സ് പള്ളിയിൽ എത്തി പ്രാർത്ഥന നടത്തി. 250-ൽപരം ആളുകൾ സംബന്ധിച്ചിരുന്നു. ഡോക്ടർ ഇന്നും വന്ന് കുത്തിവച്ചു.

16-12-1951. പൂനാ. രാവിലെ ഒമ്പതര മണിക്ക് ഇവിടെയുള്ള സെന്റ് പോൾസ് പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. ആയിരത്തിൽപരം ആളുകൾ അതിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ മെത്രാച്ചൻ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് അഞ്ചു കുട്ടികളെ മാമോദീസാ മുക്കി. രണ്ടു മണിയോടു കൂടി എല്ലാം അവസാനിച്ച് ഇവിടെ എത്തി.

18-12-1951. പൂനാ, ബോംബെ. രാവിലെ 7 30-നുള്ള ഡെക്കാൻ ക്വീൻ ട്രെയിനിൽ ബോംബെയ്ക്ക് തിരിച്ചു. പത്തര മണിക്ക് ഇവിടെ എത്തി ഒരു മാമോദീസാ നടത്തിക്കൊടുത്തു. അതിനുശേഷം പള്ളിയിൽ നിന്നും പീലിക്കുട്ടിയുടെ വീട്ടിലെത്തി താമസിച്ചു. ആറു മണിക്ക് ബിഷപ്പ് ലാഷിന്റെ അരമനയിൽ പോയി ബിഷപ്പിന് ഒരു ചുമന്ന കുപ്പായത്തിനുള്ള തുണിയും നമ്മുടെ ഒരു ഫുൾ സൈസ് ഫോട്ടോയും സമ്മാനിച്ചു. ബിഷപ്പിന് അത് വളരെ സന്തോഷമായി. 15 മിനിറ്റ് നേരം കുശലപ്രശ്നങ്ങൾ കഴിഞ്ഞ ശേഷം ഇവിടേക്കു പോന്നു.

(പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ഡയറിക്കുറിപ്പുകളിൽ നിന്നും. സമ്പാദകൻ - ജോയ്സ് തോട്ടയ്ക്കാട്)




ഫീലിപ്പോസ് മാർ തെയോഫിലോസ് അവാർഡ് ഫാ. ഡോ. കെ. എം. ജോർജിന്

വാഷി: ബോംബെ ഭദ്രാസനം ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് ദാർശനികനും ചിന്തകനും കവിയും ചിത്രകാരനുമായ ഫാ. ഡോ. കെ. എം. ജോർജിന്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങിയ അവാർഡ് ഫെബ്രുവരി ഒന്നിന് നടക്കുന്ന ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിൽ സമ്മാനിക്കും.



മാക്കാംകുന്ന് മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ. പ്രാർത്ഥനാ യോഗം, സുവിശേഷ സംഘം, ഐനാംസ് സമ്മേളനം.



യാക്കോബ് തോമസ് റമ്പാന്റെ പിതാവ് അന്തരിച്ചു

അടിമാലി സെന്റ് തോമസ് പള്ളി ഇടവകാംഗം കെ. പി. തോമസ് കുരീപ്പറമ്പിൽ അന്തരിച്ചു. ദേവലോകം അരമന മാനേജരായ യാക്കോബ് തോമസ് റമ്പാന്റെ പിതാവാണ്. സംസ്കാരം അടിമാലി സെന്റ് തോമസ് പള്ളിയിൽ പ. കാതോലിക്ക ബാവായുടെ പ്രധാന കർമികത്വത്തിൽ നടന്നു.

ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപനം ഫെബ്രുവരി ഒന്നിന്

ഫാ. തോമസ് കെ ചാക്കോ

(ഭദ്രാസന സെക്രട്ടറി, ബോംബെ ഭദ്രാസനം)

മാനവരാശിയുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി സ്വർഗ്ഗത്തിന്റെ മഹിമ വെടിഞ്ഞ് മനുഷ്യനായി ഭൂമിയിൽ അവതരിച്ച നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തു ഏൽപ്പിച്ച സുവിശേഷദൗത്യവുമായി ഭാരതത്തിൽ എത്തിയ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52-ൽ സ്ഥാപിതമായതും, ശ്ലൈഹിക പിന്തുടർച്ചയും, സുറിയാനി ആരാധനാ പാരമ്പര്യവും, ആർഷഭാരതത്തിൻറെ തനതായ സംസ്കാരവും സമഗ്രമായി സമ്മേളിക്കുന്ന, സ്വതന്ത്രവും സ്വയംശീർഷകത്വവും, പൗരാണികതയും ഉള്ള ഭാരതത്തിന്റെ ദേശീയ സഭയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. ഉത്ഥിതനായ തന്റെ ഗുരുവും നാഥനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസവും ഭക്തിയും ഏറ്റുപറഞ്ഞ് തന്നെ ഏൽപ്പിച്ച സുവിശേഷ ദൗത്യവുമായി ഭാരതത്തിൽ എത്തിയ അപ്പോസ്തോലൻ പകർന്നുനൽകിയ ക്രിസ്തുവെളിച്ചത്തെ ഏറ്റുവാങ്ങിയ പ. സഭ ഇന്നു ആഗോള സഭയായി വളർന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

ഉപജീവനാർത്ഥം കേരളത്തിൽ നിന്നും ബോംബെ മഹാനഗരത്തിലേക്ക് കുടിയേറി പാർത്ത മലങ്കര നസ്രാണികൾ 1940-തുകളിൽ പരിമിതമായ സാഹചര്യങ്ങളിൽ വിവിധ ഇടവകകളിലായി ആരാധനയിലും പരസ്പര ഐക്യത്തിലുമായി കഴിഞ്ഞിരുന്നു. 1951-ൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ബോംബെ നഗരത്തിൽ സഭയുടെ ആദ്യ ദേവാലയം ദാദറിൽ സ്ഥാപിതമാവുകയും അതിനെ തുടർന്ന് സഭയുടെ ബാഹ്യകേരള ഭദ്രാസനത്തിൻറ ഭാഗമായി ഭാഗ്യസ്മരണാർഹരായ അലക്സിയോസ് മാർ തെവോദൊസ്യോസ് മെത്രാപ്പോലീത്തായുടേയും മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടേയും (പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ) കീഴിൽ ബോംബെയുടെ വിവിധ പ്രദേശങ്ങളിൽ ആരാധനാകേന്ദ്രങ്ങൾ സ്ഥാപിതമാവുകയും ചെയ്തു. 1976-ൽ ബോംബെ ഭദ്രാസനം രൂപവൽക്കരിക്കപ്പെട്ടതിനുശേഷം സുവിശേഷ ദൗത്യം ഏറ്റെടുത്ത ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഭാഗ്യസ്മരണാർഹനായ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടേയും, ബോംബെ ഭദ്രാസനത്തിന്റെ ശിൽപിയും മലങ്കരസഭയുടെ അംബാസിഡറുമായിരുന്ന ഭാഗ്യസ്മരണാർഹനായ ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനിയുടേയും ദീർഘവീക്ഷണത്തിൻറെയും അക്ഷീണ പരിശ്രമത്തിന്റേയും ഫലമാണു ബോംബെ ഭദ്രാസനം.

തന്റെ മുൻഗാമികൾ ഏൽപ്പിച്ച സുവിശേഷദൗത്യത്തെ ഹൃദയത്തോട് ചേർത്തുവെച്ച് വർദ്ധിച്ച വീര്യത്തോടെ കഴിഞ്ഞ മൂന്നരപതിറ്റാണ്ടുകളായി തന്റെ ആടുകളെ നേർവഴിയിൽ നയിച്ചുകൊണ്ടിരിക്കുന്ന ബോംബെ ഭദ്രാസനത്തിന്റെ നവോത്ഥാന ശിൽപി ഗീവർഗീസ് മാർ കൂറിലോസ് ഡോ. തിരുമേനിയുടേയും ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടേയും അശ്രാന്തപരിശ്രമത്താൽ ഇന്ന് ഈ ഭദ്രാസനം പരിശുദ്ധ സഭയുടെ പ്രകാശഗോപുരമായി പരിലസിക്കുന്നു.

ദൈവനിയോഗം ഏറ്റെടുത്ത മെത്രാപ്പോലീത്താ തിരുമേനിമാരോടൊപ്പം 56 അനുഗ്രഹീതരായ വൈദികരും ചേർന്ന് നിറവാർന്ന 55 ദേവാലയങ്ങൾക്ക് നേതൃത്വം നൽകുന്നു. സഭയുടെ സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി നടത്തപ്പെടുന്ന മാനേജ്മെൻറ് കോളജുകൾ ഉൾപ്പെടെയുള്ള മികവാർന്ന അനേക സദനം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരോഗ്യപരിപാലന കേന്ദ്രങ്ങൾ, ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂൾ, ചേരിയിൽ താമസിക്കുന്ന കുഞ്ഞുങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും നൽകുന്ന സെൻറ് മേരീസ് ഡോ. തേജസ്വിനി സ്കൂൾ, ക്ഷയരോഗബാധിതരായ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി, നിർദ്ധനരായ രോഗികൾക്കും അവരുടെ ആശ്രിതർക്കും ഉച്ചഭക്ഷണം സൗജന്യമായി നൽകുന്ന അന്നയോജന പദ്ധതി, നിരാലംബരായ ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള മാർ തേയോഫിലോസ് ആശ്രയ ഭവൻ, സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി ചേരിയിൽ നടത്തപ്പെടുന്ന സെൻറ് മേരീസ് ട്രെയിനിംഗ് സെൻറർ, തെരുവിലെ കുഞ്ഞുങ്ങൾക്കായി കലംബൊലിയിൽ നടത്തപ്പെടുന്ന മാർ അൽവാറീസ് ആഞ്ചൽ, സാവന്തവാഡിയിലെ 15 ഗ്രാമങ്ങളിൽ വൈദ്യസഹായം നൽകുന്ന മാർ അൽവാറീസ് സ്നേഹ ഭവൻ, ഗ്രാമീണ പുനരുദ്ധാന പദ്ധതികൾ എന്നിവയെല്ലാം ദൈവസ്നേഹത്തെ പകർന്നുനൽകുന്ന ഭദ്രാസനത്തിൻറെ വിവിധ ജീവകാരുണ്യ പ്രവർത്തങ്ങളാണ്. ബോംബെ ഭദ്രാസനത്തിൻറെ സുവർണ്ണജൂബിലിയുടെ ഭാഗമായി 15 തരത്തിലുള്ള സാമൂഹ്യ ജീവകാരുണ്യ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നതിൽ നമുക്ക് അഭിമാനിക്കാം.

ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2026 ഫെബ്രുവരി മാസം 1-ാം തീയതി വാശി സെന്റ് മേരീസ് സ്കൂൾ മൈതാനത്ത് നടത്തപ്പെടുന്നു. അന്നേ ദിവസം രാവിലെ 7 മണിക്ക് ആരംഭിക്കുന്ന പ്രഭാത നമസ്കാരത്തെ തുടർന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവയുടെ മുഖ്യകാർമ്മികത്വത്തിലും സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബ്ബാന നടത്തപ്പെടുന്നു.

വിശുദ്ധ കുർബ്ബനയ്ക്കുശേഷം പരിശുദ്ധ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പൊതുസമ്മേളനം മഹാരാഷ്ട്രയുടെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററും താനെയുടെ ഗാർഡിയൻ മിനിസ്റ്ററും മഹരാഷ്ട്രയുടെ അർബൻ ഡവലപ്മെൻറിൻറയും പബ്ലിക് വർക്കിൻറെയും മിനിസ്റ്ററായും പ്രവർത്തിക്കുന്ന ഏകനാഥ് ഷിൻഡേ ഉദ്ഘാടനം ചെയ്യുന്നതാണ്. ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ ന്യൂയോർക്ക് ജേഴ്സി ഭദ്രാസനാധിപനും സെന്റ് ടിക്കോൺ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ റെക്ടറുമായ ആർച്ച് ബിഷപ് മൈക്കിൾ ദാഹുലിച് മുഖ്യസന്ദേശം നൽകുന്നതാണ്. തദവസരത്തിൽ പരിശുദ്ധ സഭയിലെ മെത്രാപ്പോലീത്താമാരായ ഗീവർഗീസ് മാർ കൂറിലോസ് (ബോംബെ), യൂഹാനോൻ മാർ പോളികർപ്പോസ് (അങ്കമാലി), അലക്സിയോസ് മാർ യൗസേബിയോസ് (കൽക്കട്ടാ), യാക്കോബ് മാർ ഏലിയാസ് (ബ്രഹ്മവാർ), ഗീവർഗീസ് മാർ തെയോഫിലോസ് (അഹമ്മദാബാദ്, ബോംബെ-സഹായ മെത്രാപ്പോലീത്താ) എന്നിവരെ കൂടാതെ പരിശുദ്ധ സഭയുടെ വൈദീകട്രസ്റ്റി റവ. ഫാ. ഡോ. സജി വർഗീസ് അമയിൽ, സഭാ അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ സന്ദേശങ്ങൾ നൽകുന്നതാണ്.


പ്രസ്തുത സമ്മേളനത്തിൽ മലങ്കര സഭയുടെ കോട്ടയം വൈദിക സെമിനാരിയുടെ മുൻ പ്രിൻസിപ്പലും വിശ്വപ്രസിദ്ധ വേദശാസ്ത്രജ്ഞനും ചിന്തകനും എഴുത്തുകാരനുമായ റവ. ഫാ. ഡോ. കെ. എം. ജോർജിനു ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന ഡോ. മാർ തേയോഫിലോസ് അവാർഡ് നൽകി ആദരിക്കും. ❑

കാരുണ്യത്തിന്റെ കെടാവിളക്ക്

കെ. എം. മാത്യു (മുൻ ചീഫ് എഡിറ്റർ, മലയാള മനോരമ)

ബോംബെയിൽ ഞാൻ ജോലി ചെയ്തിരുന്ന കാലം. 1951 ഡിസംബറിൽ ദാദർ പള്ളിയുടെ കൂദാശ നിർവ്വഹിക്കാൻ പരിശുദ്ധ ബാവാ എത്തി. ബോംബെ പൗരാവലി ഗവർണ്ണർ മഹാരാജസിംഗിന്റെ അദ്ധ്യക്ഷതയിൽ ഉജ്ജ്വലമായ ഒരു സ്വീകരണം അദ്ദേഹത്തിനു നൽകി. പള്ളി കൂദാശയിലും ഗവർണ്ണറും പത്നിയും സംബന്ധിച്ചിരുന്നു.

പുതിയ പള്ളിയിലെ മാർബിൾ നിർമ്മിതമായ പുതിയ മാമ്മോദീസാ തൊട്ടിയിൽ വച്ച് പരിശുദ്ധ ബാവായെ കൊണ്ട് ഞങ്ങളുടെ കുട്ടികളുടെ മാമ്മോദീസാ നടത്തണമെന്ന് ഞാൻ ഉൾപ്പെടെയുള്ള ചിലർ ആഗ്രഹിച്ചു. പള്ളി പണി മൂലം സാമ്പത്തിക ഞെരുക്കത്തിലായിരുന്ന ഇടവകയ്ക്ക് ഇതൊരു വരുമാനമാർഗ്ഗം കൂടി ആകട്ടെയെന്ന് വികാരി ബഹു. കോശി അച്ചൻ ആഗ്രഹിച്ചു.



പരിശുദ്ധ ബാവായെ കൊണ്ട് മാമ്മോദീസാ മുക്കിക്കുന്നതിനു നൂറു രൂപാ ഫീസ് നിശ്ചയിച്ചു. ആ തുക പള്ളിക്കു ലഭിക്കും. ഞങ്ങൾ പത്തു പേർ അതിനു സമ്മതിച്ചു. പിറ്റേന്ന് എന്റെ മകൻ ചാക്കോച്ചൻ ഉൾപ്പെടെയുള്ള പത്തു കുഞ്ഞുങ്ങളുടെ മാമ്മോദീസാ പരിശുദ്ധ ബാവാ നിർവ്വഹിക്കുകയും ചെയ്തു.

ഇടവകയിലെ പാവപ്പെട്ട ഒരാൾ തന്റെ കുട്ടിയുടെ മാമ്മോദീസാ അന്നു നടത്തുന്നതിനു ആഗ്രഹിച്ചിരുന്നു എന്നും നൂറു രൂപാ കൊടുക്കാൻ കഴിയാതിരുന്നതിനാൽ വികാരിയച്ചൻ അതിനു സമ്മതിച്ചില്ലെന്നും അടുത്ത ഞായറാഴ്ച്ച നടത്താമെന്നു അറിയിച്ചുവെന്നും മാമ്മോദീസാ കഴിഞ്ഞ് ആരോ പരിശുദ്ധ ബാവായുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ വിവരം ബാവായോ ഞങ്ങളിൽ ആരെങ്കിലുമോ അറിഞ്ഞിരുന്നില്ല എന്നതാണു സത്യം. ബാവായ്ക്ക് ഇതു വലിയ മനഃപ്രയാസത്തിനു കാരണമായി.

പരിശുദ്ധ ബാവാ വികാരി അച്ചനെ വിളിച്ചു വളരെയധികം ശാസിച്ചു. അന്നു വൈകിട്ട് തിരുമേനി പൂനയ്ക്കു പോകാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു. അവിടെ നിന്നു കൽക്കട്ടയ്ക്കു പോകാനായിരുന്നു പരിപാടി. പൂനയിലെ പരിപാടികൾക്കും കൽക്കട്ടയിലെ സ്വീകരണപരിപാടികൾക്കും അവസാന രൂപം നൽകിക്കഴിഞ്ഞിരുന്നു.

പക്ഷെ പരിശുദ്ധ ബാവാ സമ്മതിച്ചില്ല. പാവപ്പെട്ട ഇടവകാംഗത്തിന്റെ കുട്ടിയെ കൂടി മാമ്മോദീസാ മുക്കാതെ താൻ പോവുകയില്ല എന്നദ്ദേഹം ശഠിച്ചു. പൂനയിൽ പോയി ബോംബെയ്ക്കു മടങ്ങിവന്നു മാമ്മോദീസാ നടത്തിയശേഷം കൽക്കട്ടയ്ക്കു പോകത്തക്കവിധം ക്രമീകരണങ്ങളിൽ മാറ്റം വരുത്തണമെന്ന് അദ്ദേഹം നിർബന്ധമായി ആവശ്യപ്പെട്ടു.

പൂനയിലും കൽക്കട്ടയിലും ഇതു മൂലം ഉണ്ടാകാവുന്ന അസൗകര്യങ്ങൾ ശ്രദ്ധയിൽപെടുത്തിയിട്ടും പരിശുദ്ധ ബാവാ അണുവിട മാറിയില്ല. പാവപ്പെട്ടവ നായി പോയതുകൊണ്ട് ഒരാളോട് പക്ഷാഭേദം കാണിക്കുന്നത് ദൈവത്തിന്റെ മുമ്പിൽ ഒരിക്കലും നിരക്കാത്തതാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. ആ വിശ്വാസത്തിൽ അദ്ദേഹം മുറുകെപ്പിടിച്ചു നിന്നു.

പൂനയിൽ നിന്നു അദ്ദേഹം ബോംബെയിൽ മടങ്ങി എത്തി. ആ കുട്ടിയുടെ മാമ്മോദീസാ നടത്തിയശേഷം മാത്രം കൽക്കട്ടയ്ക്കു വണ്ടി കയറി. വർഷങ്ങൾ ഇത്രയേറെ കഴിഞ്ഞിട്ടും പരിശുദ്ധ ബാവായുടെ കാരുണ്യാതിരേകത്തിന്റെ ജാജ്വല്യഭാവം എന്റെ മനസ്സിൽ ഇന്നും ഒരു കെടാവിളക്കായി തെളിഞ്ഞു നിൽക്കുന്നു.

(പ. ബാവാ തിരുമേനിയുടെ ഡയറിയിൽ തിരികെ വന്ന് മാമോദീസാ നടത്തിയ കാര്യം മാത്രം എഴുതിയിട്ടുള്ളതു കാണുക: 18-12-1951. പൂനാ, ബോംബെ. രാവിലെ 7 30-നുള്ള ഡെക്കാൻ ക്വീൻ ട്രെയിനിൽ ബോംബെയ്ക്ക് തിരിച്ചു. പത്തര മണിക്ക് ഇവിടെ എത്തി ഒരു മാമോദീസാ നടത്തിക്കൊടുത്തു.)



കോട്ടയം നഗരസഭയുടെ പുതിയ കൗൺസിൽ അംഗങ്ങൾക്ക് സ്വീകരണം നൽകി

കോട്ടയം നഗരസഭയുടെ പുതിയ കൗൺസിൽ അംഗങ്ങൾക്ക് മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സ്വീകരണം നൽകി. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. പ്രായഭേദമെന്യേ ഏവർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന വെൽനസ് സെന്ററുകൾ നഗത്തിൽ ഉണ്ടാവണം. ഫ്ലാറ്റുകളിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾ കേൾക്കുവാനും ഏകാന്തതയിൽ കഴിയുന്നവർക്ക് ആശ്വാസമേകുവാനും ജനപ്രതിനിധികൾക്ക് കഴിയണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം സ്വാഗതം ആശംസിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യസന്ദേശം നൽകി.

ബോംബെ ഭദ്രാസനം: മുമ്പേ നടന്ന അൽവാരീസ് മാർ യൂലിയോസ്

ഡോ. പോൾ മണലിൽ

ബോംബെ ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ ആദ്യം സ്മരിക്കേണ്ട നാമം പുണ്യപുരുഷനായ അൽവാരീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടേതാണ്. ബോംബെ ഭദ്രാസനത്തിന്റെ മാത്രമല്ല മലങ്കര ഓർത്തഡോക്സ് സഭയുടെ ബാഹ്യകേരള ശുശ്രൂഷയുടെ ചരിത്രത്തിലും അവിസ്മരണീയനാണ് അൽവാരീസ് മാർ യൂലിയോസ്. മലങ്കരസഭയുടെ സുവിശേഷത്തിന്റെ വയലുകൾ കേരളത്തിനു പുറത്തേക്ക് ആദ്യമായി വ്യാപിപ്പിച്ചതു അൽവാരീസ് തിരുമേനിയാണ്. മലങ്കരസഭയുടെ ബോംബെ ഭദ്രാസനത്തിന്റെ എന്നല്ല ബാഹ്യകേരളത്തിലുള്ള എല്ലാ ഭദ്രാസനങ്ങളുടെയും രാജശില്പിയെന്ന നിലയിൽ മുമ്പേ നടന്ന മഹാനുഭാവനാണ് അൽവാരീസ് മാർ യൂലിയോസ്. മലങ്കരസഭയുടെ ഭാരതവൽക്കരണത്തിനു ശക്തി പകർന്നുകൊണ്ട് 1889-ൽ അൽവാരീസ് മാർ യൂലിയോസ് ഒന്നാമൻ അഭിഷിക്തനായതു ഗോവ, സിലോൺ, മലബാർ ഒഴികെയുള്ള ഇന്ത്യ എന്നീ ബാഹ്യകേരള ഇടവകകളുടെ മെത്രാപ്പോലീത്താ ആയിട്ടായിരുന്നു. അതായത്, അമ്പതു വർഷം മുമ്പ് ബോംബെ ഭദ്രാസനം രൂപീകരിക്കുന്നതിനു എത്രയോ മുമ്പ് അൽവാരീസ് തിരുമേനി ബാഹ്യകേരളത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്താ ആയിരിക്കുന്നു.

ഇന്ത്യയിൽ പോർട്ടുഗീസുകാർ എത്തുന്നതിനു മുമ്പ് തദ്ദേശീയ ക്രിസ്ത്യാനികൾ അധിവസിച്ചിരുന്ന ഗോവയിലെ വെർണ എന്ന അരുണാപുരിയിൽ 1836 ഏപ്രിൽ 29-ന് ഒരു കൊങ്കണി ക്രൈസ്തവ കുടുംബത്തിൽ ജനിച്ച അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാരീസ് എന്ന അൽവാരീസ് തിരുമേനി ഇടവകപ്പള്ളിയായ വെർണ ഹോളിക്രോസ് കത്തോലിക്കാ ദേവാലയത്തിലാണ് മാമ്മോദീസാ ഏറ്റതെങ്കിലും അമ്പതാം വയസ്സിൽ സ്വതന്ത്ര കത്തോലിക്കാ മിഷൻ രൂപീകരിച്ചുകൊണ്ട് 1886-ലാണ് മലങ്കരസഭയുടെ ബാഹ്യകേരള മിഷൻ എന്ന വിശാല സുവിശേഷ വയലിൽ ദൈവവേലയ്ക്കായി സ്വയം സമർപ്പിക്കപ്പെട്ടത്. സ്വതന്ത്ര കത്തോലിക്കാ മിഷനെ മലങ്കരസഭയുടെ ബാഹ്യകേരള മിഷൻ സമൂഹമായി സ്വീകരിച്ചുകൊണ്ട് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ് അൽവാരീസിന്റെയും അനുയായികളുടെയും മലങ്കരസഭാ പുനരൈക്യത്തിനു വഴിയൊരുക്കിയത്. മലങ്കരസഭയുടെ ഭാരതവൽക്കരണത്തിനു കരുത്തേകിയ ഒരു ചരിത്രസംഭവമായിരുന്നു അൽവാരീസിന്റെ നേതൃത്വത്തിൽ സ്വതന്ത്ര കത്തോലിക്കാ മിഷൻ നടത്തിയ പുനരൈക്യം.

മലങ്കരസഭയുടെ ഇന്നത്തെ ബോംബെ ഭദ്രാസനവും ബ്രഹ്മവാർ ഭദ്രാസനവും മാത്രമല്ല ഇതര ബാഹ്യകേരള ഭദ്രാസനങ്ങളും രൂപവൽകൃതമാകുന്നതു യഥാർത്ഥത്തിൽ അൽവാരീസിന്റെ മലങ്കരസഭാ പുനരൈക്യത്തോടെയായിരുന്നു. സ്വതന്ത്ര കത്തോലിക്കാ മിഷൻ 1886 മുതൽ മലങ്കരസഭയുമായി ചേർന്നു പ്രവർത്തിച്ചതിനെ തുടർന്ന് 1887-ലാണ് ഔദ്യോഗികമായി പുനരൈക്യ പ്രഖ്യാപനം നടത്തിയത്. ഇതിനുശേഷം 1889-ൽ അൽവാരീസിനെ കോട്ടയം പഴയ സെമിനാരിയിൽ വച്ച് അൽവാരീസ് മാർ യൂലിയോസ് എന്ന പേരിൽ ബാഹ്യകേരള മിഷന്റെ ആദ്യത്തെ മെത്രാനായി വാഴിച്ചതു പരിശുദ്ധ പരുമല തിരുമേനിയും കടവിൽ പൗലോസ് മാർ അത്താനാസിയോസും പൗലോസ് മാർ ഈവാനിയോസും (പിന്നീട് ഒന്നാം കാതോലിക്കാ) ചേർന്നായിരുന്നു. കേരളത്തിനു പുറത്തുള്ള സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി ‘മലബാർ’ ഒഴികെയുള്ള ഇന്ത്യ, പോർട്ടുഗീസ് അധീനതയിലുള്ള ഗോവ, സിലോൺ എന്നീ ദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന മലങ്കരസഭയുടെ സുവിശേഷ ഭൂമികയിൽ പ്രവർത്തിക്കാൻ അൽവാരീസ് തിരുമേനി അങ്ങനെ നിയുക്തനായി.



ഇപ്രകാരം നിരീക്ഷിക്കുമ്പോൾ ഇന്നത്തെ ബോംബെയുടെ മാത്രമല്ല, മലങ്കരസഭയുടെ എല്ലാ ബാഹ്യകേരള ഭദ്രാസനങ്ങളുടെയും പ്രഥമ ഇടയൻ അൽവാരീസ് തിരുമേനിയാണ്. ആ നിലയിൽ ഇന്നത്തെ ബോംബെ ഭദ്രാസനത്തിൽ അര നൂറ്റാണ്ടിന്റെ ചരിത്രമല്ല, നൂറ്റിമുപ്പത്തിയേഴ് സംവത്സരങ്ങളുടെ ചരിത്രമുണ്ട്. ബോംബെ ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഗോവയും മറ്റു പ്രദേശങ്ങളും ഇപ്പോൾ ബ്രഹ്മവാർ ഭദ്രാസനത്തിന്റെ കീഴിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെങ്കിലും അൽവാരീസ് തിരുമേനിയുടെ പാദസ്പർശംകൊണ്ട് അനുഗൃഹീതമായതും വിയർപ്പുതുള്ളികൾ കൊണ്ട് ഫലഭൂയിഷ്ഠമായതുമായ ബോംബെ-ബ്രഹ്മവാർ ഭദ്രാസനങ്ങളുടെ സ്വന്തം കാവൽമാലാഖയാണ് അൽവാരീസ് തിരുമേനി. ബോംബെ ഭദ്രാസനം ഇന്ന് സഭയുടെ മിഷൻ വേലയുടെ ഭാഗമായി വിദ്യാഭ്യാസ രംഗത്തും ആതുരസേവന രംഗത്തും മറ്റും നടത്തിവരുന്ന സേവനങ്ങൾക്കു മാതൃകാപരമായ ദൃഷ്ടാന്തം കാട്ടിക്കൊടുത്തതും അൽവാരീസ് തിരുമേനിയായിരുന്നു എന്നതും ഒരു ചരിത്രയാഥാർത്ഥ്യം തന്നെ.

അവിഭക്ത ബോംബെ ഭദ്രാസനത്തിന്റെ ചില പ്രദേശങ്ങൾ അൽവാരീസ് തിരുമേനിയുടെ പ്രധാന പ്രവർത്തന മേഖലയായിരുന്നു. ഇന്നത്തെ ശ്രീലങ്കയായ പഴയ സിലോണിൽ സ്വതന്ത്ര കത്തോലിക്കാ മിഷന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നതുപോലെ ഇന്നത്തെ കർണാടകയിലുള്ള കാനറ കേന്ദ്രീകരിച്ചും അൽവാരീസ് തിരുമേനി മിഷൻ വേലയിൽ ഏർപ്പെട്ടിരുന്നു. മലങ്കരസഭയ്ക്കു ബോംബെ ഭദ്രാസനം സ്ഥാപിതമായതു പോലെ പിൽക്കാലത്തു ബ്രഹ്മവാർ ഭദ്രാസനം സ്ഥാപിക്കാൻ വഴിയൊരുക്കിയതും അൽവാരീസ് തിരുമേനിയാണ്. ബ്രഹ്മവാർ ഭദ്രാസനത്തിൽ കൊങ്കണി സമൂഹത്തെ മലങ്കര


സഭ കരുതുന്നതുപോലെ ബോംബെ ഭദ്രാസനത്തിലും കൊങ്കണി സമൂഹത്തെ കരുതാൻ സഭ ഇന്ന് പ്രതിജ്ഞാബദ്ധമാണെന്ന് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്.

മലങ്കരസഭയിൽ പുനരൈക്യപ്പെട്ടതിനു ശേഷം വളരെ പ്രതികൂല സാഹചര്യങ്ങളിലാണ് അൽവാരീസ് തിരുമേനി തന്റെ ഇടയശുശ്രൂഷ നടത്തിയത്. പോർട്ടുഗീസ് അധിനിവേശ ഗോവയിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ ഭരണാധികാരികൾ അദ്ദേഹത്തെ അനുവദിച്ചില്ല. പോലീസിന്റെ സഹായത്തോടെ അൽവാരീസ് തിരുമേനിയുടെ കീഴിലുള്ള പല പള്ളികളും അധികാരികൾ പിടിച്ചെടുത്തു. മലങ്കരസഭയിൽ പുനരൈക്യപ്പെട്ട അൽവാറീസിനെ 1888-ൽ കത്തോലിക്കാ സഭ മുടക്കി. ഇത്തരം സാഹചര്യങ്ങൾക്കിടയിലും മലങ്കരസഭയിൽ മെത്രാനാകുന്നതിനു മുമ്പ് 1889 മാർച്ചിൽ അൽവാറീസ് ബ്രഹ്മവാറിൽ ഒരു മിഷൻ കേന്ദ്രം തുടങ്ങി. ബ്രഹ്മവാർ മിഷന്റെ ഭാഗമായി അദ്ദേഹം ഓലഷെഡ്ഡിൽ നിർമിച്ച പ്രസ്തുത ദേവാലയമാണ് ഇന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയായി വളർന്നു വികസിച്ചത്.

മെത്രാൻ സ്ഥാനം സ്വീകരിക്കുന്നതിനു മുമ്പ് തന്നെ അൽവാറീസ് പരുമലയിൽ എത്തി പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസിന്റെ കൂടെ താമസിച്ചിട്ടുണ്ട്. 1895-ൽ പരുമല തിരുമേനി വിശുദ്ധ നാട്ടിലേക്ക് യാത്രചെയ്തതു ബോംബെ വഴിയായിരുന്നു. അന്ന് ബോംബെ ഭദ്രാസനം ഉണ്ടായിട്ടില്ലെങ്കിലും ബോംബെ ഉൾപ്പെടുന്ന ബാഹ്യകേരള ഭദ്രാസനത്തിന്റെ മെത്രാൻ അൽവാരീസ് തിരുമേനിയായിരുന്നു. 1892-ൽ പരുമല തിരുമേനിയുടെ കൂടെയാണ് അൽവാരീസ് തിരുമേനി സിലോണിൽ നൽമരണ മാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ വച്ച് റെനി വിലാത്തിക്കു മെത്രാൻ പട്ടം നൽകിയത്. സിലോണിലെ നൽമരണ മാതാവിന്റെ നാമത്തിലുള്ള പള്ളി 1889-ൽ അൽവാരീസ് തിരുമേനിയാണ് സ്ഥാപിച്ചത്. മെത്രാനാകുന്നതിനു മുമ്പ് ബ്രഹ്മവാറിൽ ഒരു പള്ളി സ്ഥാപിച്ചെങ്കിൽ മെത്രാനായതിനുശേഷം ബാഹ്യകേരളത്തിൽ അൽവാറീസ് തിരുമേനി സ്ഥാപിച്ച ആദ്യ ഓർത്തഡോക്സ് ദേവാലയം സിലോണിലെ ഈ പള്ളിയാണ്.

സിലോണിലും ഗോവയിലും മാത്രമല്ല, ഇന്നത്തെ ബോംബെ ഭദ്രാസനത്തിന്റെ ഭാഗമായ സാവന്ത്വാഡിയിലും നാലായിരം കത്തോലിക്കാ സഭാംഗങ്ങളുടെ മലങ്കരസഭാ പുനരൈക്യത്തിനു 1893-ൽ അൽവാറീസ് തിരുമേനി നേതൃത്വം നൽകി. മഹാരാഷ്ട്രയിലെ സാവന്ത്വാഡിയിൽ ഇന്ന് ആ സമൂഹത്തിന്റെ പിന്തുടർച്ചക്കാർ തീർച്ചയായും ഉണ്ടായിരിക്കും. അവരെ നമ്മൾ കണ്ടെത്തേണ്ടതാണ്. മഹാരാഷ്ട്രയിലും ഗോവയിലും പ്രേക്ഷിതപ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് പോർട്ടുഗീസ് ഭരണാധികാരികൾ അൽവാറീസ് തിരുമേനിയെ തടവിലാക്കിയിട്ടുണ്ട്. ഒട്ടേറെ കേസുകളും എടുത്തു. മികച്ചൊരു പത്രപ്രവർത്തകൻ കൂടിയായിരുന്ന അൽവാറീസ് തിരുമേനി ഏ ക്രൂസ്, ഏ വെർദാദ്, ഒബ്രാഡോ ഇന്ത്യോനോ എന്നീ പത്രങ്ങളുടെ പത്രാധിപർ കൂടിയായിരുന്നു. അനീതിക്കെതിരേ പത്രങ്ങളിൽ എഴുതിയതു മുൻനിർത്തി അദ്ദേഹത്തെ രാജ്യദ്രോഹക്കുറ്റം ചുമത്തി ശിക്ഷിച്ചിട്ടുണ്ട്. മലങ്കരസഭയുടെ ദേശീയബോധത്തെ ഉണർത്താൻ അൽവാറീസ് തിരുമേനി പരിശ്രമിച്ചു.

മലങ്കരസഭയുടെ ബാഹ്യകേരളത്തിലെ മിഷൻ പ്രവർത്തനങ്ങൾക്കു അൽവാറീസ് തിരുമേനി ദിശാബോധം പകർന്നിട്ടുണ്ട്. 1912-ൽ ഗോവയിലെ പഞ്ചിമിൽ സ്ഥിരതാമസമാക്കിയ അൽവാറീസ് തിരുമേനി തുടർന്ന് പന്ത്രണ്ട് വർഷം തന്റെ വാസസ്ഥലത്തു ഭിക്ഷക്കാരെ സംരക്ഷിച്ചുകൊണ്ടാണ് കാരുണ്യപ്രവർത്തനങ്ങൾക്കു മാതൃക കാട്ടിയത്. ഗോവയിലെ തെരുവിൽ അലഞ്ഞു നടക്കുന്ന ഭിക്ഷക്കാരെ സംരക്ഷിക്കാൻ അൽവാറീസ് തിരുമേനിയും ഭിക്ഷ



യാചിച്ചു എന്നതു ഒരു ചരിത്രസത്യം മാത്രമാണ്. അൽവാറീസ് തിരുമേനി അവതരിപ്പിച്ച കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ഈ അടിത്തറയിൽ നിന്നുകൊണ്ടാണ് മലങ്കരസഭയുടെ ബാഹ്യകേരള മിഷൻ ശക്തി പ്രാപിച്ചതെന്നു പറയാതെ വയ്യ. മെത്രാനാകുന്നതിനു മുമ്പ് ഗോവയിൽ കോളറ വ്യാപിച്ച കാലത്തു അൽവാറീസ് വീടുകൾ കയറിയിറങ്ങി രോഗികളെ ശുശ്രൂഷിച്ചിട്ടുണ്ട്. കോളറ ബാധിച്ചു മരിച്ചവരുടെ മൃതദേഹം അദ്ദേഹം തോളിലേറ്റി ശവക്കുഴിയിൽ എത്തിച്ച ചരിത്രവും മറക്കാൻ കഴിയില്ല.

ബോംബെ ഭദ്രാസനത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും അൽവാറീസ് തിരുമേനി മാതൃക കാണിച്ചിട്ടുണ്ട്. 1912-ൽ അദ്ദേഹം പഞ്ചിമിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കുകയും തദ്ദേശീയരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പരിശ്രമിക്കുകയും ചെയ്തു. മെത്രാനാകുന്നതിനു മുമ്പ് അദ്ദേഹം 1859-ൽ അധ്യാപകനായി ജോലി ചെയ്തു തുടങ്ങിയതു ബോംബെയിലായിരുന്നു. ബോംബെയിലെ സെന്റ് മേരീസ് സ്കൂളിലും കൊളീജിയോ ഡിജെസ്യൂട്ടിലും അദ്ദേഹം മൂന്നു വർഷം പഠിപ്പിച്ചു. അൽവാറീസ് തിരുമേനി വൈദികവൃത്തി തുടങ്ങിയതും ബോംബെയിലായിരുന്നു. അഞ്ചു വർഷം വിവിധ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി ബോംബെ രൂപതയിൽ സേവനമനുഷ്ഠിച്ചു. ഇപ്രകാരം എട്ടു വർഷക്കാലം അൽവാറീസ് തിരുമേനി ബോംബെയിലായിരിക്കുന്ന ഇക്കാലത്താണ് ബോംബെയിൽ വച്ച് ദേശീയ പ്രസ്ഥാനത്തിൽ അദ്ദേഹം ധീരമായി പ്രവർത്തിച്ചത്.

പരുമല മാർ ഗ്രീഗോറിയോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എന്നീ മഹാനുഭവന്മാരുടെ കാലത്തു മലങ്കരസഭയുടെ ബാഹ്യകേരള മിഷന് പുതിയൊരു ചൈതന്യം പകരാൻ അൽവാറീസ് തിരുമേനിക്കു ഭാഗ്യം ലഭിച്ചു എന്നതു എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഇന്നത്തെ ബോംബെ ഭദ്രാസനത്തിന്റെയും വളർച്ചയുടെ പടവുകൾക്കു പിന്നിൽ എഴുതപ്പെടാതെ പോയ ഒരു കാലഘട്ടത്തിലെ ത്യാഗത്തിന്റെയും പ്രതിബദ്ധതയുടെയും ഇതിഹാസം ചമച്ച അൽവാറീസ് മാർ യൂലിയോസിനെ പ്രാതഃസ്മരണീയൻ എന്നു തന്നെ വിശേഷിപ്പിക്കേണ്ടി വരും. മലങ്കരസഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ഒപ്പം നിന്ന അൽവാറീസ് തിരുമേനി 1923-ൽ കാലം ചെല്ലുമ്പോൾ വിശുദ്ധിയുടെ പരിമളം പരത്തുന്ന പുണ്യപുരുഷനായി മാറിക്കഴിഞ്ഞിരുന്നു. സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബോംബെ ഭദ്രാസനത്തിനു വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും അസ്തിവാരമിട്ട അൽവാറീസ് തിരുമേനിയെ നമുക്കു സ്മരിക്കാതിരിക്കാൻ കഴിയില്ല. ❑



പൗലോസ് മാർ ഗ്രിഗോറിയോസിനെക്കുറിച്ചുള്ള സെമിനാർ അടൂരിൽ. സക്കറിയ മാർ അപ്രേം, ഫാ. ജോൺ സ്ലീബാ, അഡ്വ. പ്രകാശ് പി. കോശി, ഫാ. ഡോ. കെ. എം. ജോർജ്, ഡി. കെ. ജോൺ. ഫാ. കെ. ജി. അലക്സാണ്ടർ എഴുതിയ പുസ്തകവുമായി ബന്ധപ്പെട്ടാണ് സെമിനാർ നടത്തിയത്.



ഇന്ത്യൻ ആർമിയിൽ ഓണററി ലഫ്റ്റനന്റ് പദവി ലഭിച്ച മേലേമേപ്പുറത്ത് ബിനു എം. തോമസ്. നീർവിളാകം സെന്റ് ഗ്രീഗോറിയോസ് ഇടവകാംഗം.



ഇടുക്കി ഭദ്രാസന പ്രാർത്ഥന യോഗത്തിന്റ ആഭിമുഖ്യത്തിൽ നെറ്റിത്തൊഴു താബോർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്ന നിനുവേ മീറ്റ് ധ്യാനയോഗം സഖറിയാ മാർ സേവേറിയോസ് ഉത്ഘാടനം ചെയ്തു.



എം. എം. ജോസിന് പോലീസ് മെഡൽ

സേവനത്തിലുടനീളം പ്രകടിപ്പിച്ച മികവിനും, ആത്മാർത്ഥതയ്ക്കും, കർമ്മ ധീരതയ്ക്കും രാഷ്ട്രപതിയുടെ വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡലിന് അർഹനായ കൊട്ടാരക്കര ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി എം. എം. ജോസ്. കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിലെ അമ്പലതുംകാല സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗം.

പ്രവാചകിയായ നോവദ്യാ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിൾ ചരിത്രത്തിൽ പല പ്രവാചകന്മാരെയും പ്രവാചകിമാരെയും നമ്മൾ കാണുന്നു. ദൈവത്തിന്റെ സന്ദേശം ജനങ്ങളിലേക്കെത്തിച്ച വിശ്വസ്തരായവരേയും, അതേ സമയം ദൈവനാമം ദുരുപയോഗം ചെയ്ത തെറ്റായ ആത്മീയ നേതാക്കളേയും ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം ഒരു വ്യക്തിയാണ് നെഹെമ്യാവ് 6:14 ൽ പരാമർശിക്കുന്ന പ്രവാചകിയായ നോവദ്യാ.

നോവദ്യായെക്കുറിച്ച് ബൈബിളിൽ നിന്ന് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ അവളുടെ പേരിനൊപ്പം ചേർന്നിരിക്കുന്ന ആത്മീയ പശ്ചാത്തലം ഏറെ ഗൗരവമേറിയതാണ്. യെരൂശലേമിന്റെ മതിൽ പുനർ നിർമ്മാണം നടക്കുമ്പോൾ, ദൈവം ഏല്പിച്ച ദൗത്യത്തിൽ നിന്ന് നെഹെമ്യാവിനെ ഭയപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിച്ചവരിൽ ഒരാളായി അവൾ പ്രത്യക്ഷപ്പെടുന്നു. ഈയൊരു ചെറിയ പരാമർശം തന്നെ നോവദ്യായുടെ ആത്മീയ നിലപാട് എന്തായിരുന്നു എന്നതിനെ കുറിച്ച് ആഴത്തിലുള്ള ചിന്തയ്ക്ക് വഴിയൊരുക്കുന്നു.



1. നോവദ്യാ ഒരു പ്രവാചകി എന്ന നിലയിൽ

നെഹെമ്യാവ് അവളെ "പ്രവാചകിയായ നോവദ്യാ" എന്ന് വ്യക്തമായി വിളിക്കുന്നതാണ് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. ബൈബിളിൽ ഒരാൾ പ്രവാചകനെന്നോ പ്രവാചകിയെന്നോ വിളിക്കപ്പെടുന്നത്, ആ വ്യക്തിക്ക് സമൂഹത്തിൽ ആത്മീയ അംഗീകാരം ഉണ്ടായിരുന്നുവെന്നും, ദൈവത്തിന്റെ നാമത്തിൽ സംസാരിക്കുന്ന ഒരാളായി ജനങ്ങൾ അവരെ കണക്കാക്കിയിരുന്നുവെന്നും സൂചിപ്പിക്കുന്നു. അതിനാൽ, നോവദ്യാ സാധാരണ സ്ത്രീയല്ലായിരുന്നു; അവൾക്ക് ജനങ്ങൾക്കിടയിൽ ഒരു ആത്മീയ സ്വാധീനവും വിശ്വാസ്യതയും ഉണ്ടായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

പഴയനിയമ കാലഘട്ടത്തിൽ ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്താൻ സ്ത്രീകളെയും ശക്തമായി ഉപയോഗിച്ചിരുന്നു. മിര്യാം, ദൈവം യിസ്രായേലിനെ വിടുവിച്ചപ്പോൾ സ്തുതിഗാനം നയിച്ച ഒരു പ്രവാചകിയായിരുന്നു. ദെബോറ ന്യായാധിപതിയും പ്രവാചകിയുമായി യിസ്രായേലിനെ നയിച്ച ധൈര്യമുള്ള സ്ത്രീയായിരുന്നു. ഹുൽദ രാജാവിനോടും പുരോഹിതന്മാരോടും ദൈവത്തിന്റെ വചനം ധൈര്യത്തോടെ പ്രഖ്യാപിച്ച ഒരു വിശ്വസ്ത പ്രവാചകിയായിരുന്നു. ഇവർ എല്ലാവരും ദൈവത്തിന്റെ യഥാർത്ഥ ദൂതന്മാരായി ചരിത്രത്തിൽ രേഖപ്പെടുത്തിയവരാണ്.

എന്നാൽ നോവദ്യായുടെ കാര്യത്തിൽ, അവൾ പ്രവാചകിയെന്ന പേരിൽ അറിയപ്പെട്ടിരുന്നുവെങ്കിലും, അവളുടെ പ്രവർത്തനങ്ങളും നിലപാടുകളും ദൈവത്തിന്റെ ഇഷ്ടത്തോട് പൊരുത്തപ്പെട്ടിരുന്നില്ല. അവൾ പറഞ്ഞ വാക്കുകൾ ദൈവത്തിൽ നിന്നുള്ളതാണോ എന്ന സംശയം ഇവിടെ ഉയരുന്നു. കാരണം, ദൈവം ഏല്പിച്ച ദൗത്യത്തിൽ മുന്നേറിക്കൊണ്ടിരുന്ന നെഹെമ്യാവിനെ അവൾ പിന്തുണച്ചില്ല; മറിച്ച് അവനെ ഭയപ്പെടുത്തി പിൻതിരിപ്പിക്കാൻ ശ്രമിച്ചു. ഇത് യഥാർത്ഥ പ്രവാചകത്വത്തിന്റെ ലക്ഷ്യത്തിന് നേരെ വിരുദ്ധമായ പ്രവൃത്തിയായിരുന്നു.

നോവദ്യാ തന്റെ ആത്മീയ സ്ഥാനവും "പ്രവാചകി" എന്ന പേരും ഉപയോഗിച്ച് ജനങ്ങളിലുണ്ടായിരുന്ന വിശ്വാസത്തെ ദുരുപയോഗം ചെയ്തു. അവളുടെ വാക്കുകൾ ദൈവത്തിന്റെ ശബ്ദമാണെന്ന് ആളുകൾ വിശ്വസിക്കുമെന്ന കാര്യം അവൾ അറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ, ദൈവത്തിന്റെ പ്രവൃത്തിയെ നേരിട്ട് എതിർക്കാൻ കഴിയാത്തിടത്ത്, അവൾ ആത്മീയ ഭീഷണിയും പ്രവാചക വാക്കുകളും ഉപയോഗിച്ചു. ഇത് അവളുടെ പ്രവാചകത്വത്തിന്റെ വിശ്വാസ്യതയെ ഗുരുതരമായി ചോദ്യം ചെയ്യുന്നു.

ഇവിടെ നമ്മൾ ഒരു പ്രധാന ആത്മീയ സത്യം പഠിക്കുന്നു: പ്രവാചകി എന്ന പേരോ ആത്മീയ സ്ഥാനമോ മാത്രം ഒരു വ്യക്തിയെ ദൈവത്തിന്റെ യഥാർത്ഥ ദാസിയാക്കുന്നില്ല. ഒരാളുടെ വാക്കുകളും പ്രവർത്തികളും ദൈവത്തിന്റെ ഇഷ്ടത്തോടും വചനത്തോടും ഒത്തുനിൽക്കണം. നോവദ്യായുടെ ജീവിതം, ആത്മീയ സ്ഥാനങ്ങൾ തെറ്റായ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമ്പോൾ അവ എത്ര അപകടകരമാകാമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

2. ചരിത്ര പശ്ചാത്തലം

നെഹെമ്യാവ് പാർസി രാജാവായ അർത്ഥഹ്ശഷ്ടാവിന്റെ ഭരണകാലത്ത് ദൈവം തിരഞ്ഞെടുത്ത ഒരു ദൈവദാസനായിരുന്നു. രാജാവിന്റെ പാനപാത്രവാഹകനായിരുന്ന നെഹെമ്യാവ്, യെരൂശലേമിന്റെ ദയനീയ അവസ്ഥ കേട്ടപ്പോൾ ഹൃദയത്തിൽ ആഴത്തിലുള്ള വേദന അനുഭവിച്ചു. ഇടിഞ്ഞ മതിലുകളും തീവച്ചു ചുട്ടുകിടക്കുന്ന വാതിലുകളും യെഹൂദജനത്തിന്റെ അപമാനത്തിന്റെ ചിഹ്നമായിരുന്നു. ഈ അവസ്ഥ ദൈവത്തോട് പ്രാർത്ഥനയോടെ പങ്കുവെച്ചപ്പോൾ, ദൈവം അവനെ യെരൂശലേമിന്റെ മതിൽ പുനർനിർമ്മിക്കാൻ നിയോഗിച്ചു. അങ്ങനെ, രാജാവിന്റെ അനുവാദത്തോടെയും ദൈവത്തിന്റെ അനുഗ്രഹത്തോടെയും നെഹെമ്യാവ് തന്റെ ദൗത്യം ആരംഭിച്ചു.

യെരൂശലേമിന്റെ മതിൽ പുനർനിർമ്മിക്കുന്നത്, വെറും കല്ലുകളും ഇഷ്ടികകളും കൂട്ടിച്ചേർക്കുന്ന ഒരു നിർമ്മാണപ്രവർത്തി മാത്രമല്ലായിരുന്നു. അത് യിസ്രായേൽ ജനതയുടെ സുരക്ഷയുടെ, അടയാളത്തിന്റെ, കൂടാതെ ആത്മീയ

പുനരുദ്ധാരണത്തിന്റെ പ്രതീകമായിരുന്നു. മതിലുകൾ പുനർനിർമ്മിക്കപ്പെടുമ്പോൾ ജനങ്ങളുടെ ആത്മവിശ്വാസവും ദൈവത്തോടുള്ള പ്രത്യാശയും പുതുക്കപ്പെടുകയായിരുന്നു. ദൈവത്തിന്റെ നഗരമായ യെരുശലേം വീണ്ടും നില കൊള്ളുന്നത്, ജനങ്ങളുടെ ആത്മീയ ജീവിതം പുതുക്കപ്പെടുന്നതിനുള്ള ഒരു തുടക്കമായി മാറി.

ഈ ദൈവിക ദൗത്യം ശത്രുക്കൾക്ക് സഹിക്കാനാവാത്തതായിരുന്നു. സൻബല്ലത്ത്, തോബിയാവ്, ഗേശേം തുടങ്ങിയവർ ആദ്യമേ തുറന്ന പരിഹാസവും അപമാനവും നടത്തി. അത് ഫലിക്കാതായപ്പോൾ അവർ ഭീഷണിയിലേക്കും ഗൂഢാലോചനയിലേക്കും നീങ്ങി. നെഹെമ്യാവിനെ ഭയപ്പെടുത്തി ജോലി നിർത്തിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ദൈവത്തിന്റെ പ്രവൃത്തി മുന്നേറുന്നത് അവർക്ക് കാണാൻ സാധിച്ചില്ല.

ഈ ശത്രുക്കളുടെ കൂട്ടത്തിൽ ചില ആത്മീയ നേതാക്കളും ഉണ്ടായിരുന്നു എന്നതാണ് ഏറ്റവും ദുഃഖകരമായ വസ്തുത. പുറമേ ആത്മീയതയുടെ മുഖംമൂടി ധരിച്ചിരുന്ന ചിലർ, അകത്ത് ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചു. ഇവരിൽ ഒരാളാണ് പ്രവാചകിയായ നോവദ്യാ. അവൾ തുറന്ന എതിർപ്പ് പ്രകടിപ്പിച്ചില്ല; പകരം, ആത്മീയ ഭാഷയും പ്രവാചകവാക്കുകളും ഉപയോഗിച്ച് നെഹെമ്യാവിനെ ഭയപ്പെടുത്താൻ ശ്രമിച്ചു. ദൈവത്തിന്റെ പേരിൽ സംസാരിക്കുന്നതുപോലെ തോന്നിച്ച അവളുടെ വാക്കുകൾ, യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രവൃത്തിയെ തടയാനുള്ള ആയുധങ്ങളായിരുന്നു.

ഇവിടെ നമ്മൾ കാണുന്ന ഒരു പ്രധാന സത്യം, ദൈവത്തിന്റെ പ്രവൃത്തിക്കെതിരായ എതിർപ്പ് പലപ്പോഴും പുറത്തുനിന്ന് മാത്രമല്ല, അകത്തുനിന്നും ഉയരും. ശത്രുക്കൾ ആയുധങ്ങളുമായി വന്നപ്പോൾ നെഹെമ്യാവ് ജാഗ്രതയോടെ നിന്നു; എന്നാൽ പ്രവാചകവേഷത്തിൽ വന്ന ഭീഷണികൾ അതിലേറെ അപകടകരമായിരുന്നു. നോവദ്യായുടെ ഇടപെടൽ, ആത്മീയ അധികാരം തെറ്റായി ഉപയോഗിക്കപ്പെടുമ്പോൾ അത് എത്രമാത്രം നാശകരമാകുമെന്ന് വ്യക്തമാക്കുന്നു.

3. ഭയം വിതറുന്ന പ്രവാചകത്വം

നെഹെമ്യാവ് 6:14-ൽ പ്രവാചകിയായ നോവദ്യായെക്കുറിച്ച് പറയുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോപണം ഇതാണ്, അവൾ നെഹെമ്യാവിനെ ഭയപ്പെടുത്താൻ ശ്രമിച്ചു. ഈ ഒറ്റ വാക്യം മാത്രം അവളുടെ ആത്മീയ നിലപാട് എന്തായിരുന്നു എന്നത് വളരെ വ്യക്തമായി പ്രതിപാദിക്കുന്നു. ദൈവം നേരിട്ട് നിയോഗിച്ച ഒരു ദൈവദാസനെ ഭയപ്പെടുത്തുക എന്നത്, യഥാർത്ഥത്തിൽ ദൈവത്തിന്റെ പദ്ധതിയെ തടയാനുള്ള ശ്രമമാണ്. കാരണം, ദൈവം ഏല്പിച്ച ദൗത്യം ഭയത്താൽ ഉപേക്ഷിക്കപ്പെടണം എന്നത് ദൈവത്തിന്റെ ഇഷ്ടമല്ല.

ബൈബിൾ നമ്മെ വ്യക്തമായി പഠിപ്പിക്കുന്നത്, ഭയം ദൈവത്തിൽ നിന്നല്ല എന്നതാണ്. 2 തിമോത്തി 1:7 ൽ "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്" എന്ന് പറയുന്നു. ദൈവത്തിൽ നിന്ന് വരുന്ന ആത്മാവ് ധൈര്യവും വിശ്വാസവും ഉത്സാഹവും നൽകുന്നതാണ്. എന്നാൽ നോവദ്യായുടെ പ്രവൃത്തികൾ ഇതിന്റെ എതിരായിരുന്നു. അവൾ ഭയവും ആശങ്കയും സംശയവും വിതറാൻ ശ്രമിച്ചു.

നോവദ്യായുടെ ഭയപ്പെടുത്തൽ തുറന്ന ഭീഷണിയിലൂടെയായിരുന്നില്ല. അത് അതിലേറെ സൂക്ഷ്മവും അപകടകരവുമായ രീതിയിലായിരുന്നു. അവൾ പ്രവാചകവാക്കുകൾ എന്ന പേരിൽ, ദൈവത്തിന്റെ നാമം ഉപയോഗിച്ചുകൊണ്ട്, നെഹെമ്യാവിന്റെ മനസ്സിൽ ഭയം കുത്തിവയ്ക്കാൻ ശ്രമിച്ചു. "ദൈവം ഇങ്ങനെ പറയുന്നു" എന്ന ശൈലിയിൽ വരുന്ന വാക്കുകൾ, ആത്മീയമായ അധികാരമുള്ളവരിൽ നിന്ന് വരുമ്പോൾ, അതിനെ എളുപ്പത്തിൽ അവഗണിക്കാൻ സാധ്യമല്ല. ഇതാണ് നോവദ്യായുടെ പ്രവർത്തിയെ കൂടുതൽ അപകടകരമാക്കിയത്.

ഇവിടെ നോവദ്യായുടെ ആത്മീയ കപടത വ്യക്തമായി കാണാം. പുറമേ അവളെ ദൈവത്തിന്റെ പ്രവാചകിയായി തോന്നിച്ചെങ്കിലും, അവളുടെ ഉള്ളിലെ ഉദ്ദേശ്യം ദൈവത്തിന്റെ പ്രവർത്തിയെ തടയുകയായിരുന്നു. ദൈവത്തിന്റെ നാമം ഉപയോഗിച്ച് ഭയം സൃഷ്ടിക്കുക എന്നത്, ദൈവത്തിന്റെ വിശുദ്ധതയെ ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണ്. ഇത് അവളുടെ പ്രവാചകത്വം യഥാർത്ഥമല്ലായിരുന്നുവെന്നും, അത് മനുഷ്യരാലോ ശത്രുക്കളാലോ പ്രേരിപ്പിക്കപ്പെട്ടതായിരുന്നുവെന്നും സൂചിപ്പിക്കുന്നു. ഈ ഭാഗം ഇന്നത്തെ വിശ്വാസികൾക്കുള്ള ഒരു ശക്തമായ മുന്നറിയിപ്പാണ്. ദൈവനാമം ഉപയോഗിച്ച് പറയുന്ന എല്ലാ വാക്കുകളും ദൈവത്തിൽ നിന്നല്ല. ഭയം സൃഷ്ടിക്കുന്ന സന്ദേശങ്ങളും, ദൈവത്തിന്റെ പ്രവൃത്തിയെ തടയുന്ന പ്രവചനങ്ങളും, ആത്മീയ വിവേചനത്തോടെ പരിശോധിക്കപ്പെടണം. നോവദ്യായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, ഭയം വിതറുന്ന ആത്മീയ ശബ്ദങ്ങൾക്കു മുന്നിൽ തളരാതെ, ദൈവത്തിൽ ഉറച്ചു നിൽക്കുന്ന വിശ്വാസം തന്നെ യഥാർത്ഥ സംരക്ഷണമാണ്.

4. ദൈവനാമത്തിന്റെ ദുരുപയോഗം

നോവദ്യായുടെ ജീവിതത്തിലെ ഏറ്റവും ഗുരുതരവും അപകടകരവുമായ സവിശേഷത ദൈവത്തിന്റെ നാമം ദുരുപയോഗം ചെയ്തതാണ്. അവൾ പ്രവാചകിയെന്ന നിലയിൽ സംസാരിച്ചപ്പോൾ, അവളുടെ വാക്കുകൾ ദൈവത്തിൽ നിന്നാണെന്ന് സാധാരണ ജനങ്ങൾ എളുപ്പത്തിൽ വിശ്വസിക്കുമായിരുന്നു. "ദൈവം ഇങ്ങനെ പറയുന്നു" എന്ന ശൈലിയിൽ വരുന്ന വാക്കുകൾക്ക് വലിയ ആത്മീയ ഭാരം ഉണ്ടാകുന്നതിനാൽ, ആളുകൾ അവയെ ചോദ്യം ചെയ്യാതെ സ്വീകരിക്കാൻ സാധ്യതയുണ്ടായിരുന്നു. ഈ വിശ്വാസ്യതയാണ് നോവദ്യാ തെറ്റായ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിച്ചത്.

നോവദ്യായുടെ പ്രവചനങ്ങൾ ദൈവത്തിന്റെ പദ്ധതിയെ പിന്തുണച്ചതല്ല, മറിച്ച് അതിനെ തടയാനുള്ള ശ്രമമായിരുന്നു. ദൈവം ഏല്പിച്ച ദൗത്യത്തിൽ ഉറച്ചുനിന്ന നെഹെമ്യാവിനെ അവൾ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. യഥാർത്ഥ പ്രവാചകത്വത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുത്തുകയും അവന്റെ പ്രവൃത്തിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. എന്നാൽ നോവദ്യായുടെ വാക്കുകൾ ദൈവത്തിന്റെ പ്രവർത്തിയെ ദുർബലമാക്കുന്നവയായിരുന്നു. ഇതിലൂടെ അവളുടെ പ്രവചനങ്ങൾ ദൈവത്തിൽ നിന്നല്ലെന്ന് വ്യക്തമായി കാണാം.

ഇത് നമ്മെ ഒരു പ്രധാന ആത്മീയ സത്യം പഠിപ്പിക്കുന്നു: ദൈവനാമം ഉപയോഗിക്കുന്ന എല്ലാ വാക്കുകളും ദൈവത്തിൽ നിന്നല്ല. ദൈവത്തിന്റെ നാമം വിശുദ്ധമാണ്; അത് സ്വാർത്ഥതയ്ക്കോ ഭയപ്പെടുത്തലിനോ ഉപയോഗിക്കപ്പെടുമ്പോൾ, അത് വലിയ ആത്മീയ നാശത്തിന് കാരണമാകും. യഥാർത്ഥ പ്രവചനങ്ങൾ വിശ്വാസികളെ ഭയത്തിലേക്കല്ല, ധൈര്യത്തിലേക്കും വിശ്വാസത്തിലേക്കുമാണ് നയിക്കുന്നത്.

അവസാനമായി, നോവദ്യായുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്, യഥാർത്ഥ പ്രവചനങ്ങൾ ദൈവത്തിന്റെ പ്രവൃത്തിയെ ശക്തിപ്പെടുത്തും, തടസ്സപ്പെടുത്തുകയില്ല. ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു ആത്മീയ സന്ദേശവും, എത്ര ആത്മീയമായി തോന്നിച്ചാലും, സൂക്ഷ്മമായി പരിശോധിക്കപ്പെടണം. ആത്മീയ വിവേകവും ദൈവവചനത്തിലുള്ള ഉറച്ച അടിത്തറയും മാത്രമാണ് വിശ്വാസികളെ ഇത്തരം ദുരുപയോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നത്.

5. തെറ്റായ ആത്മീയ സ്വാധീനം

നെഹെമ്യാവ് 6:14-ൽ പ്രവാചകിയായ നോവദ്യായെ പരാമർശിക്കുമ്പോൾ അവളെ ഒറ്റയ്ക്ക് ചൂണ്ടിക്കാണിക്കുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്. അവൻ "മറ്റു പ്രവാചകന്മാരെയും" അവളുടെ കൂടെ ചേർത്ത് പറയുന്നു. ഇതിലൂടെ തെറ്റായ ആത്മീയ സ്വാധീനം പലപ്പോഴും ഒറ്റപ്പെട്ട ഒരാളിൽ മാത്രമല്ല, കൂട്ടായ പ്രവർത്തനമായി ഉണ്ടാകുന്നതായി നമുക്ക് മനസ്സിലാക്കാം. ഒരാൾ ആരംഭിക്കുന്ന തെറ്റായ ആത്മീയ സമീപനം, മറ്റുള്ളവർ പിന്തുണയ്ക്കുമ്പോൾ അതിന് കൂടുതൽ ശക്തിയും വ്യാപനവും ലഭിക്കും.

ആത്മീയ നേതാക്കളായി കണക്കാക്കപ്പെടുന്നവർ ഒരുമിച്ച് തെറ്റായ ദിശയിൽ നീങ്ങുമ്പോൾ, സാധാരണ വിശ്വാസികൾക്ക് സത്യം തിരിച്ചറിയുന്നത് വളരെ ബുദ്ധിമുട്ടാകുന്നു. കാരണം, പലരും ഒരേ സന്ദേശം പറയുമ്പോൾ അത് സത്യമായിരിക്കുമെന്നൊരു തോന്നൽ മനുഷ്യർക്കുണ്ടാകും. എന്നാൽ എണ്ണം കൂടിയതുകൊണ്ട് ഒരു സന്ദേശം ദൈവത്തിൽ നിന്നുള്ളതാകണമെന്നില്ല. നോവദ്യായും അവളോടൊപ്പം ഉണ്ടായിരുന്ന പ്രവാചകന്മാരും ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്.

ഒരു വ്യക്തിയുടെ തെറ്റായ സന്ദേശത്തിന് ഒരു സമൂഹത്തെ മുഴുവനായി വഴി തെറ്റിക്കാൻ കഴിയും. ആത്മീയ അധികാരം ഉള്ളവരുടെ വാക്കുകൾ സാധാരണ മനുഷ്യരുടെ വാക്കുകളേക്കാൾ കൂടുതൽ സ്വാധീനമുള്ളതാണ്. അതിനാൽ, നോവദ്യാ പോലുള്ളവരുടെ തെറ്റായ പ്രവചനങ്ങളും ഭീഷണികളും ദൈവജനത്തിന്റെ മനസ്സിൽ ഭയം, സംശയം, വിഭജനം എന്നിവ സൃഷ്ടിക്കാൻ ഇടയാക്കും. ഇത് ദൈവജനത്തിന്റെ ആത്മീയ ഐക്യത്തെ ഗുരുതരമായി

തകർക്കുന്ന ഒന്നാണ്.

ഈ ഭാഗം ഇന്നത്തെ സഭയ്ക്കും വിശ്വാസികൾക്കും ഒരു ശക്തമായ മുന്നറിയിപ്പാണ്. ആത്മീയ ഐക്യം ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്, എന്നാൽ തെറ്റായ ആത്മീയ സ്വാധീനം അതിനെ എളുപ്പത്തിൽ നശിപ്പിക്കാം. അതിനാൽ, ഓരോ വിശ്വാസിയും കേൾക്കുന്ന സന്ദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഒരുമിച്ച് പലരും പറയുന്നുവെന്ന കാരണത്താൽ മാത്രം ഒരു ആത്മീയ സന്ദേശം സ്വീകരിക്കുന്നത് അപകടകരമാണെന്ന് നോവദ്യായുടെ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

6. പ്രാർത്ഥനയിൽ അഭയം

പ്രവാചകിയായ നോവദ്യായുടെയും അവളോടൊപ്പം നിന്ന മറ്റ് പ്രവാചകന്മാരുടെയും പ്രവർത്തനങ്ങൾ നെഹെമ്യാവിന് വലിയ മാനസിക സമ്മർദ്ദം സൃഷ്ടിച്ചിരിക്കാം. എന്നിരുന്നാലും, അവൻ അതിന് പ്രതികാരപരമായോ വികാരാധീനമായോ പ്രതികരണം നൽകിയില്ല. ആരെയെങ്കിലും കുറ്റപ്പെടുത്തി വാക്കേറ്റത്തിലേർപ്പെടുകയോ, തന്റെ നിലപാട് ശക്തിയായി ന്യായീകരിക്കാൻ ശ്രമിക്കുകയോ അവൻ ചെയ്തില്ല. ഇതിലൂടെ നെഹെമ്യാവിന്റെ ആത്മീയ പക്വതയും സ്വയം നിയന്ത്രണവും വ്യക്തമായി കാണാം.

നെഹെമ്യാവ് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രാർത്ഥനയിലേക്കു തിരിഞ്ഞതായിരുന്നു. മനുഷ്യരുടെ നീതിയിലോ പ്രതികാരത്തിലോ അവൻ ആശ്രയിച്ചില്ല; പകരം, എല്ലാം ദൈവത്തിന്റെ മുമ്പിൽ തുറന്ന ഹൃദയത്തോടെ സമർപ്പിച്ചു. “എന്റെ ദൈവമേ, തോബിയാവും സൻബല്ലത്തും, ചെയ്ത ഈ പ്രവൃത്തികൾക്കു തക്കവണ്ണം അവരേയും നോവദ്യാ എന്ന പ്രവാചകിയെയും എന്നെ ഭയപ്പെടുത്തുവാൻ നോക്കിയ മറ്റു പ്രവാചകന്മാരേയും ഓർക്കേണമേ.” (നെഹെമ്യാവ് 6:14) എന്ന പ്രാർത്ഥനയിൽ അവന്റെ വിശ്വാസത്തിന്റെ ആഴം നമുക്ക് കാണാം. ദൈവം എല്ലാം അറിയുന്നവനാണെന്നും, ശരിയായ ന്യായവിധി നടത്താൻ കഴിയുന്നവൻ ദൈവം മാത്രമാണെന്നും അവൻ പൂർണ്ണമായി വിശ്വസിച്ചു.

ഈ പ്രാർത്ഥനയിൽ നെഹെമ്യാവ് ദൈവത്തോട് തന്റെ ശത്രുക്കളെ ശിക്ഷിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നില്ല; മറിച്ച്, അവരെ ദൈവത്തിന്റെ നീതിക്ക് ഏല്പിക്കുകയാണ്. ഇത് ഒരു വലിയ ആത്മീയ പാഠമാണ്. മനുഷ്യർ നമുക്കെതിരെ തെറ്റ് ചെയ്യുമ്പോൾ, അവരെ നേരിട്ട് നേരിടുന്നതിന് പകരം ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുമ്പോൾ, നമ്മുടെ ഹൃദയം കഠിനമാകാതെ കാത്തുസൂക്ഷിക്കപ്പെടുന്നു.

നെഹെമ്യാവിന്റെ ഈ നിലപാട് നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ദൈവത്തിന്റെ പ്രവൃത്തിയിൽ ഉറച്ചുനിൽക്കുന്നവർക്ക് ഏറ്റവും വലിയ ആയുധം പ്രാർത്ഥന തന്നെയാണ്. കപട ആത്മീയ ആക്രമണങ്ങൾ പോലും പ്രാർത്ഥനയുടെ മുമ്പിൽ ശക്തി നഷ്ടപ്പെടുന്നു. മനുഷ്യരുടെ ഭീഷണികൾക്കുമേൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച നെഹെമ്യാവിന്റെ ജീവിതം, ഇന്നത്തെ വിശ്വാസികൾക്ക് വലിയ മാതൃകയും പ്രചോദനവുമാണ്.

7. ഇന്നത്തെ വിശ്വാസികൾക്കുള്ള പാഠങ്ങൾ

പ്രവാചകിയായ നോവദ്യായുടെ ജീവിതം ഇന്നത്തെ സഭയ്ക്കും വിശ്വാസികൾക്കും വളരെ ശക്തമായ ഒരു മുന്നറിയിപ്പാണ്. അവൾക്ക് ആത്മീയ സ്ഥാനവും “പ്രവാചകി” എന്ന പേരും ഉണ്ടായിരുന്നുവെങ്കിലും, അതുമാത്രം അവളെ ദൈവത്തിന്റെ യഥാർത്ഥ ദാസിയാക്കുന്നില്ല. ഇതിലൂടെ നമുക്ക് മനസ്സിലാക്കാം: ആത്മീയ പദവിയോ പ്രസംഗശേഷിയോ മാത്രം ഒരാളുടെ വിശ്വാസ്യത ഉറപ്പാക്കുന്നില്ല. ഒരാളുടെ വാക്കുകളും പ്രവൃത്തികളും ദൈവവചനത്തോട് ഒത്തുനിൽക്കുമ്പോഴാണ് അവൻ അല്ലെങ്കിൽ അവൾ ദൈവത്തിന്റെ ഇഷ്ടത്തിൽ നടക്കുന്നവരാകുന്നത്.

ഇന്നത്തെ കാലത്തും നോവദ്യായെപ്പോലെ ദൈവനാമം ഉപയോഗിച്ച് സംസാരിക്കുന്ന പല ശബ്ദങ്ങളും നമ്മൾ കേൾക്കുന്നു. പുറമേ ആത്മീയത നിറഞ്ഞതുപോലെ തോന്നിച്ചാലും, ചില സന്ദേശങ്ങൾ വിശ്വാസികളുടെ ഹൃദയത്തിൽ ഭയം, ആശങ്ക, സംശയം എന്നിവ വിതറുന്നതായിരിക്കും. ദൈവം തന്റെ മക്കളെ ഭയത്തിലേക്കല്ല, വിശ്വാസത്തിലും സമാധാനത്തിലും ആണ് വിളിക്കുന്നത്. അതിനാൽ, ഭയം സൃഷ്ടിക്കുന്ന പ്രവചനങ്ങളും സന്ദേശങ്ങളും ആത്മീയമായി സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്.

നോവദ്യായുടെ പ്രവർത്തനങ്ങൾ നമ്മെ പഠിപ്പിക്കുന്ന മറ്റൊരു പ്രധാന പാഠം ആത്മീയ വിവേചനശേഷിയുടെ ആവശ്യകതയാണ്. എല്ലാം ദൈവത്തിൽ നിന്നാണെന്ന് കരുതി അന്ധമായി സ്വീകരിക്കുന്നത് അപകടകരമാണ്. ആത്മാക്കളെ പരീക്ഷിക്കാൻ ബൈബിൾ തന്നെ നമ്മെ പഠിപ്പിക്കുന്നു. വിശ്വാസികൾ ദൈവവചനത്തെ അടിസ്ഥാനമാക്കി കേൾക്കുന്ന സന്ദേശങ്ങൾ വിലയിരുത്തുമ്പോൾ, തെറ്റായ ആത്മീയ സ്വാധീനങ്ങളിൽ നിന്ന് അവർ രക്ഷപ്പെടും.

അവസാനമായി, നോവദ്യായുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്, ദൈവം ആരംഭിക്കുന്ന പ്രവൃത്തി മനുഷ്യരെ മാറ്റത്തിലേക്കും സത്യമാർഗത്തിലേക്കും നയിക്കുന്നതാണ്. മാറ്റം പലർക്കും അസ്വസ്ഥത സൃഷ്ടിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തിന്റെ യഥാർത്ഥ പ്രവൃത്തി എപ്പോഴും എതിർപ്പുകൾ നേരിടുന്നു. ചിലപ്പോൾ അത് തുറന്ന ശത്രുക്കളിൽ നിന്നായിരിക്കും; ചിലപ്പോൾ ആത്മീയ മുഖംമൂടി ധരിച്ചവരിൽ നിന്നായിരിക്കും. അത്തരം സാഹചര്യങ്ങളിൽ, നെഹെമ്യാവിനെപ്പോലെ പ്രാർത്ഥനയിലും വിശ്വാസത്തിലും ഉറച്ചുനിൽക്കുന്നതാണ് ഇന്നത്തെ വിശ്വാസികൾക്ക് ഏറ്റവും വലിയ സംരക്ഷണവും ശക്തിയും.

പ്രവാചകിയായ നോവദ്യായെക്കുറിച്ചുള്ള ബൈബിളിലെ പരാമർശം വളരെ ചെറുതായിരുന്നാലും, അവളുടെ ജീവിതവും ആത്മീയ നിലപാടും നമ്മെ ആഴത്തിൽ ചിന്തിപ്പിക്കുന്നതാണ്. അവൾ ദൈവനാമം ഉപയോഗിച്ചിരുന്നുവെങ്കിലും, അവളുടെ പ്രവർത്തനങ്ങൾ ദൈവത്തിന്റെ ഇഷ്ടത്തിന് അനുസൃതമായിരുന്നില്ല. ദൈവം ഏല്പിച്ച ദൗത്യത്തിൽ ഉറച്ചുനിന്ന നെഹെമ്യാവിനെ ഭയപ്പെടുത്തി വഴിതിരിപ്പിക്കാൻ ശ്രമിച്ചതിലൂടെ, അവൾ ദൈവത്തിന്റെ പ്രവർത്തിക്കെതിരായി പ്രവർത്തിച്ചുവെന്ന് വ്യക്തമാണ്. ഇത് കപട ആത്മീയത എത്ര അപകടകരമാണെന്ന് വ്യക്തമാക്കുന്ന ഒരു ഉദാഹരണമാണ്.

നോവദ്യായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠം ഇതാണ്, ദൈവത്തിന്റെ പ്രവൃത്തിയെ തിരിച്ചറിയുന്ന ആത്മീയ വിവേകം ഇല്ലെങ്കിൽ, ആത്മീയ സ്ഥാനങ്ങൾ പോലും നാശത്തിനുള്ള ഉപകരണങ്ങളായി മാറാം. പ്രവാചകി എന്ന പേര്, ആത്മീയ സ്വാധീനം, ആളുകളുടെ വിശ്വാസംഇവയെല്ലാം ദൈവത്തിന്റെ മഹത്വത്തിനായിരിക്കണം. എന്നാൽ അവ സ്വാർത്ഥതയ്ക്കോ ഭയപ്പെടുത്തലിനോ ഉപയോഗിക്കപ്പെടുമ്പോൾ, അത് ദൈവജനത്തിന് വലിയ ദോഷം വരുത്തും.

അതേസമയം, നെഹെമ്യാവിന്റെ പ്രതികരണം വിശ്വാസികൾക്ക് വലിയ പ്രചോദനമാണ്. അവൻ മനുഷ്യരുടെ ഭീഷണികളെയോ കപട പ്രവചനങ്ങളെയോ ഭയപ്പെട്ടില്ല. എല്ലാം ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനയോടെ സമർപ്പിച്ച അവന്റെ നിലപാട്, ദൈവത്തിൽ ഉള്ള പൂർണ്ണ ആശ്രയത്തെ വ്യക്തമാക്കുന്നു. മനുഷ്യരുടെ വാക്കുകളേക്കാൾ ശക്തമായത് ദൈവത്തിന്റെ നീതിയും സംരക്ഷണവുമാണെന്ന് അവന്റെ ജീവിതം തെളിയിക്കുന്നു.

അവസാനമായി, നോവദ്യായും നെഹെമ്യാവും നമുക്ക് മുന്നിൽ രണ്ട് വ്യത്യസ്ത ആത്മീയ വഴികളാണ് അവതരിപ്പിക്കുന്നത്. ഒന്നിൽ, ദൈവനാമം ഉപയോഗിച്ചെങ്കിലും ദൈവ ഇഷ്ടത്തിന് വിരുദ്ധമായ ജീവിതം; മറ്റൊന്നിൽ, ദൈവത്തിൽ ഉറച്ചുനിന്ന വിശ്വസ്തത. ഈ രണ്ട് വഴികളിൽ ഏതാണ് നാം തിരഞ്ഞെടുക്കുന്നത് എന്നതാണ് നമ്മുടെ ആത്മീയ ജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്നത്. ദൈവത്തിൽ ഉറച്ചുനിൽക്കുന്നവരെ മനുഷ്യരുടെ ഭീഷണികൾ ഒരിക്കലും തോൽപ്പിക്കില്ല എന്ന സത്യം, ഈ പഠനത്തിന്റെ ഏറ്റവും ശക്തമായ സന്ദേശമായി നമുക്ക് മുന്നിൽ നിലകൊള്ളുന്നു.

❑

“വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കുട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്.”

– ഡാറായിലെ യോഹന്നാൻ

വചനതീർത്ഥം

ദനഹായ്ക്കു ശേഷം നാലാം ഞായർ

(വി. മർക്കോസ് 6:1–6)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



കർത്താവിന്റെ ദേവാലയ പ്രവേശനത്തിന്റെ പെരുന്നാളായ മായൽത്തോയും ദനഹായിക്ക് ശേഷമുള്ള നാലാമത്തെ ഞായറും അടുത്തടുത്ത ദിവസങ്ങളിൽ വരുമ്പോൾ ഈ രണ്ടു വേദഭാഗങ്ങളും മനുഷ്യാവതാരം ചെയ്ത യേശു ക്രിസ്തുവിനെ സമൂഹം സാക്ഷിക്കുന്നതിന്റെ ചില വർണ്ണനകൾ ആണ് നമുക്ക് ലഭിക്കുന്നത്. യഹൂദ നിയമപ്രകാരം ശുദ്ധീകരണത്തിനായി പൈതലിനെ ദേവാലയത്തിൽ കൊണ്ട് ചെല്ലുമ്പോൾ സ്വീകരിക്കുന്ന ചില ആളുകളെ നാം കാണുന്നുണ്ട്. സ്വന്തം പട്ടണത്തിലെ സിനഗോഗിൽ പഠിപ്പിക്കുവാനായി യേശു നിൽക്കുമ്പോൾ അവനെ ജനം കൈക്കൊള്ളുന്നത് എങ്ങനെയെന്ന് ദനഹായിക്ക് ശേഷമുള്ള നാലാം ഞായറിന്റെ വായനകൾ നമ്മെ ഓർമിപ്പിക്കുന്നു.

ജീവിതനിയോഗങ്ങളെ പ്രകാശിപ്പിക്കുക

"സകല ജാതികളുടെയും മുൻപിൽ ഒരുക്കിയിരിക്കുന്ന രക്ഷയെ എൻറെ കണ്ണു കണ്ടുവല്ലോ" എന്ന് പറഞ്ഞു നിറകണ്ണുകളോടെ പൈതലായ യേശുവിനെ കൈകളിലെടുത്ത് നീതിമാനായ ശിമയോൻ ദൈവത്തെ സ്തുതിക്കുന്നുണ്ട്. വൃദ്ധയായ ഹന്ന എന്ന പ്രവാചകിയും "അടുത്തുനിന്ന് ദൈവത്തെ സ്തുതിക്കുകയും വീണ്ടെടുപ്പിനെ കാത്തിരുന്നവരോട് ക്രിസ്തുവിനെ കുറിച്ച് പ്രസ്താവിക്കുകയും" ചെയ്യുകയാണ്. നിറവാർദ്ധക്യത്തിൽ എത്തിയ രണ്ട് ജീവിതങ്ങൾ തങ്ങളുടെ ജീവിതനിയോഗങ്ങളെ ഏറെയുറക്കെ പ്രഘോഷിക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. സത്യത്തെ സാക്ഷിക്കുക എന്നുള്ളതാണ് തങ്ങളുടെ ജീവിതത്തിന്റെ പരമമായ ലക്ഷ്യം എന്ന് അവർ തിരിച്ചറിയുകയാണ്. അത് ഏറെയുറക്കെ വിളിച്ചു പറയുന്നതിന് അവർക്ക് ലവലേശം മടിയോ ലജ്ജയോ ഉണ്ടായില്ല.

എന്നാൽ നസ്രത്തിലെ സിനഗോഗ് യേശു എത്തുമ്പോൾ 'മരപ്പണിക്കാരൻ' എന്ന് വിളിച്ച് അവനെ അപമാനിക്കുവാനും ഈ ജ്ഞാനം എവിടെ നിന്ന് ലഭിച്ചു എന്ന് മുൻവിധിയോടെ ചോദ്യങ്ങൾ ഉയർത്തുവാനും ശ്രമിക്കുന്ന ഒരു സമൂഹത്തെയും നാം കാണുന്നുണ്ട് ജഡധാരണം ചെയ്ത ക്രിസ്തുവിനെ മനസ്സിലാക്കുവാൻ സാധിക്കാതെ അജ്ഞാനത്തിന്റെ ഇരുളിലേക്ക് തിരിഞ്ഞു നടക്കുന്ന ഒരു സമൂഹമാണ് ഇവിടെ ഉള്ളത്

സത്യത്തെ സാക്ഷിക്കുക എന്ന നിയോഗം ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. തടസ്സപ്പെടുത്തുന്ന പലതിനെയും തള്ളി മാറ്റി ഞാൻ കാത്തിരിക്കുന്ന എന്റെ രക്ഷകനാണ് എന്ന് യേശുക്രിസ്തുവിനെ ലോകത്തിനു മുൻപാകെ അവതരിപ്പിക്കുവാനുള്ള ആർജ്ജവത്വം നമുക്കുണ്ടോ എന്നാണ് മുൻപിലേക്ക് വയ്ക്കുന്ന ചോദ്യം.

ആലയത്തിന്റെ അന്തസത്തയെ മനസ്സിലാക്കുക

യെരുശലേം ദേവാലയവും സിനഗോഗുകളും യഹൂദന്റെ ജീവിതത്തിന്റെ ഭാഗമാണ്. വലിയ ദർശനങ്ങളും സ്വപ്നങ്ങളും ആയിരുന്നു ഇവരുടെയൊക്കെയും സ്ഥാപനത്തിന്റെ പിന്നിൽ ഉണ്ടായിരുന്നത്. എന്നാൽ കാലക്രമേണ അതിന്റെ ആത്മീയ അനുഭവം നഷ്ടപ്പെട്ടു പോയിട്ടുണ്ട് എന്നുള്ളതും യാഥാർത്ഥ്യമാണ്.

ദേവാലയത്തെ ഉപയോഗിക്കുന്ന രണ്ട് ജീവിതങ്ങളെ മായൽത്തോയുടെ വായനയിൽ നാം കാണുന്നുണ്ട്. ശാസ്ത്രിമാരിൽ ഒരുവനായ ശിമയോൻ ഇസ്രായേലിന്റെ രക്ഷയെയും കാത്ത് ദേവാലയത്തിൽ തന്നെ ആയുസ്സ് കഴിച്ചു കൂട്ടുകയാണ്. വൈധവ്യത്തിന്റെ 84 വർഷങ്ങളിൽ ദേവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും ആരാധന കഴിച്ചു പോകുന്ന ഹന്നയും ശ്രദ്ധേയയാണ്. ആലയത്തിന്റെ അന്തസത്തയെ ഉൾക്കൊണ്ടുകൊണ്ട് ദേവാലയം




സ്വാർഥ താത്പര്യങ്ങളുടെ സംരക്ഷക വേദികളല്ല ദേവാലയങ്ങൾ. ഇന്നത്തെ മത ജീവിതത്തിലും പലപ്പോഴും ദേവാലയങ്ങൾ സ്വാർത്ഥ താല്പര്യങ്ങളോടെ ശബ്ദം ഉയർത്തുവാൻ ഉള്ള ഇടങ്ങളാണ്. ഈ സങ്കുചിത ചിന്തകൾ പലപ്പോഴും വിശ്വാസത്തിന്റെ ശോഭയെ തല്ലി കെടുത്തിയിട്ടുമുണ്ട്.

അവർ ഉപയോഗിക്കുകയാണ്. ഇത് ദൈവത്തിന്റെ ഭവനം എന്ന ബോധ്യത്തോടെ, ദൈവത്തെ കണ്ടുമുട്ടുന്ന ഇടങ്ങളായി അവർ ദേവാലയത്തെ മനസ്സിലാക്കുകയാണ്

ഇതിൽ നിന്ന് വത്യസ്തമായ ഒരു ചിത്രമാണ് ഞായറാഴ്ച വായനയിൽ ലഭിക്കുന്നത്. ആരാധന ദിനമായ ഒരു ശാബത്തിൽ യേശു സുനഗോഗിൽ എത്തുകയും പഠിപ്പിക്കുകയും ചെയ്യുകയാണ്. എന്നാൽ ആരാധനയുടെ ഇടമായ സിനഗോഗിനെ മറ്റു പലതിനും ഉള്ള ഇടമായി അന്നത്തെ യഹൂദ സമൂഹം മാറ്റുകയാണ്. ദൈവാരാധനയും പഠനവും എന്ന പ്രാഥമികമായ ലക്ഷ്യത്തെ മറന്ന് പ്രസംഗകനായ യേശുവിനെ വിമർശിക്കുവാനും മുൻവിധിയോടെ അവനോട് ഇടപെടുവാനും ആ സമൂഹം തയ്യാറാവുകയാണ്. പല സ്വാർത്ഥ താൽപര്യങ്ങളുടെയും ഇടമായി ദേവാലയത്തെ അവർ പരുവപ്പെടുത്തുകയാണ്.

സ്വാർഥ താത്പര്യങ്ങളുടെ സംരക്ഷക വേദികളല്ല ദേവാലയങ്ങൾ. ഇന്നത്തെ മത ജീവിതത്തിലും പലപ്പോഴും ദേവാലയങ്ങൾ സ്വാർത്ഥ താല്പര്യങ്ങളോടെ ശബ്ദം ഉയർത്തുവാൻ ഉള്ള ഇടങ്ങളാണ്. ഈ സങ്കുചിത ചിന്തകൾ പലപ്പോഴും വിശ്വാസത്തിന്റെ ശോഭയെ തല്ലി കെടുത്തിയിട്ടുമുണ്ട്. എന്നോടുകൂടെ മാത്രം സഞ്ചരിക്കുന്ന ഒരു ദൈവത്തെ രൂപപ്പെടുത്തുകയാണ് ഇവിടെ നാം ചെയ്യുന്നത്. താത്വികമായ പല വിശദീകരണങ്ങൾ കൊണ്ടും നമ്മുടെ സ്വാർത്ഥ താൽപര്യങ്ങളെ നാം സംരക്ഷിക്കുമ്പോൾ ദൈവാലയത്തിന്റെ അടിസ്ഥാന ഉദ്ദേശം മറന്നു പോവുകയും അന്തസത്തയെ അവഗണിക്കുകയും ദൈവജനം എന്ന നിയോഗത്തിൽ നിന്ന് നാം മാറ്റപ്പെടുകയും ചെയ്യുന്നു. ❑

Be Diligent and Disciplined



Sunday of the Departed Priests (Kohane)

(St. Matthew 24:42-51)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)

We have reached the final Sundays of the second period of the Church's liturgical year. The two Sundays before the beginning of the Great Lent are set apart in a special way. On the first Sunday, we remember all the departed clergy, and on the second Sunday, we remember all the departed faithful. While we remember the departed faithful and clergy in every part of our liturgy (liturgical structure), here, specifically before the start of the Great Lent, a Sunday is set aside for each group. There is no worship service (Aradhana) in our Church without remembering those who have passed away.

We have a tradition of remembering the departed since ancient times. When examining the Holy Scriptures from the beginning to the end, we can see many examples of praying for the departed faithful. In today's Old Testament reading, from Numbers 20:29 onwards, Aaron dies at Mount Hor. When the whole congregation realized that Aaron had passed away, the entire House of Israel mourned for Aaron for thirty days.

Furthermore, when the High Priests entered the Most Holy Place of the Jerusalem Temple for the sacrificial service, twelve stones were embedded in the breastplate they wore, representing the twelve tribal fathers of Israel. These names were marked on these stones to remember these tribal fathers who had died years before the time of the sacrifice. Without remembering these fathers, there is no sacrificial service for them.

The scripture portion for this week, remembering all our departed spiritual fathers and priests, is St. Matthew 24:42-51. This passage reminds us to be alert and mindful of the use of time and of time itself. "Watch out, stay awake; for you do not know when the time is... Lest he come suddenly and find you sleeping. And what I say to you, I say to all, be watchful!" (St. Mark 13:36). Here we see a warning to those who forget the work entrusted to them by the Master and focus on other matters, forgetting their primary mission.

"Therefore stay awake, for you do not know on what day your Lord is coming. But know this, that if the master of the house had known in what part of the night the thief was coming, he would have stayed awake and would not have let his house be broken into. Therefore you also must be ready, for the Son of Man is coming at an hour you do not expect." This scripture portion primarily reminds us of two things: those appointed as stewards must act with alertness, preparedness, a sense of duty, and discipline.

Duty and Discipline

Today is the day we remember all the departed clergy. The subject of today's meditation is the faithful and wise servant whom the Master appointed to give food to his household at the proper time. A servant appointed by the Master must be someone with a sense of duty and discipline. Those who maintain alertness and discipline receive a noble reward; those who follow laziness and anarchy receive the sentence of punishment. We must be able to act in a manner worthy of the calling to which we have been called.

In the Epistle to the Philippians, Saint Paul the Apostle says: "Do nothing out of selfish ambition or vain conceit. Rather, in humility value others above yourselves... not looking to your own interests but each of you to the interests of the others" (Philippians 2:3-4). This is because "But you are a chosen people, a royal priesthood, a holy nation, God's special possession, that you may declare the praises of him who called you out of darkness into his wonderful light" (1 Peter 2:9). We are especially a chosen priestly generation. Since each of us has been specifically called, set apart, and chosen by God, we must act with awareness of our calling, awareness of our responsibilities, and with discipline.

Cast Away Laziness and Wait with Enthusiasm

It is not possible for anyone to predict when the second coming of the Lord will be. No one knows about the time except the Father- not even the Son. "The day of the Lord will come like a thief in the night" (1 Thessalonians 5:2). Therefore, let us not sleep like the rest, but let us keep awake and be sober. For the day of the Lord, the coming of the Son of Man, can happen at an unexpected time- like the flood that occurred in the time of Noah. The flood came suddenly. Many perished in it. The arrival of a thief to a house is also at an unexpected time without prior warning. We must wait with enthusiasm, abandoning laziness and practicing caution and alertness. God expects from us a waiting characterized by preparation and holiness. "Because I am holy, you be holy" (1 Peter 1:16).

"We must wait for His second coming with holiness. The Lord is not slow in keeping his promise, as some understand slowness. Instead, he is patient with you, not wanting anyone to perish, but everyone to come to repentance. The day of the Lord will come like a thief" (2 Peter 3:9). Therefore, dear ones, since you are looking forward to these things, make every effort to be found spotless, blameless, and at peace with Him, and bear in mind that our Lord's patience means salvation.

The priestly class is chosen by the Lord with a special purpose and responsibility. They must be able to beautifully fulfill the responsibilities they have received. They should be able to carry them out with discipline and a sense of duty, becoming a good example to the sheep entrusted to them. When performing duties, one must be able to act with enthusiasm and full faithfulness, casting away laziness. Let us remember all our departed high priests and clergy who were connected to our personal lives. May their prayers be a fortress for us. ❑

മറുപുറം

നീതിപുലർത്താത്ത ഉറക്കം: ജൂത വംശീയതയുടെ അടയാളം

ഫാ. അജീഷ് ബാബു

ചില ഓർമ്മകൾ അങ്ങനെയാണ്. ഓർക്കുമ്പോൾ കിട്ടുന്നത് വേദനയാണെങ്കിൽക്കൂടി അവയെ മറക്കാനോ ഓർക്കാതിരിയ്ക്കാനോ നമുക്ക് കഴിയില്ല. മരണം വരേയും ഒരു മാറ്റവുമില്ലാതെ ആ ഓർമ്മകൾ ഉള്ളിലുണ്ടാവും. അങ്ങനെയൊരു ഓർമ്മയാണ് ആ കൂട്ട് യാത്രക്കാർക്ക്.

കൂട്ട് യാത്രക്കാർ തങ്ങളുടെ സമ്പാദ്യം ഓരോന്നോരോന്നായി സമുദ്രത്തിലേക്ക് വലിച്ചെറിയുമ്പോൾ പരസ്പരം സഹായിച്ചു കൊണ്ടിരിക്കുകയാണ്. ഒരാളുടെ സമ്പാദ്യം മറ്റുള്ളവർക്ക് വേണ്ടി കൂടിയുമാണ് വലിച്ചെറിയുന്നത്. എറിഞ്ഞു കളയുന്ന ഓരോ ചരക്കിനെപ്രതി എറിയുന്ന ആൾക്കും കണ്ടുകൊണ്ട് നിൽക്കുന്നവർക്കും ഏറെ സങ്കടം തോന്നുമെങ്കിലും പരസ്പരം വീണ്ടെടുക്കേണ്ടതിന് മനപ്പൂർവമായി തങ്ങളുടെ ചരക്കുകൾ എന്നെന്നേക്കുമായി നഷ്ടപ്പെടുത്തിയേ മതിയാവു. സമുദ്രം ഇത്രമേൽ ഇളകി മറിയുന്നത് ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത കപ്പലിലെ പ്രവർത്തകർ ഇത് തങ്ങളുടെ അവസാന യാത്രയാണെന്ന് സ്വയം ചിന്തിക്കുകയാണ്. എല്ലാവരും ഇങ്ങനെ ചിന്തിക്കുന്നതിനിടയിൽ അയാൾ മാത്രം, കപ്പൽ പ്രമാണി എന്തോ ഒന്ന് അന്വേഷിക്കുന്നു. ഈ ഇളക്കത്തിനിടയിൽ കപ്പലിന്റെ എല്ലാ വശങ്ങളിലും നിശബ്ദതയോടെ അയാൾ നടക്കുകയാണ്.

നീതിപുലർത്താത്ത ഉറക്കം

അയാളുടെ കാൽപാദങ്ങൾ അടിത്തട്ടിൽ എത്തി. ഇളകിമറിയുന്ന കടലിനെ ഉറക്കംകൊണ്ട് നേരിടുന്ന അയാളെ അപ്പോഴാണ് കണ്ടത്. എല്ലാവരും പരസ്പരം സഹായിക്കുന്നതിനിടയിൽ അവർക്കുണ്ടാകുന്ന നഷ്ടങ്ങൾ ഒന്നും ചെറുതല്ല. അതിനിടയിൽ കപ്പലിന്റെ ഇളക്കത്തെയും കടലിന്റെ ദൈവത്തിന്റെ നീതിക്കു വേണ്ടിയുള്ള അലമുറയെയും കേൾക്കാതെ വണ്ണം അയാൾ ഉറങ്ങുകയാണ്. പരിസരങ്ങളെല്ലാം അസ്വസ്ഥമാകുമ്പോൾ അതിനോട് നീതിപുലർത്താത്ത മനുഷ്യൻ ആഴത്തിലുള്ള ഉറക്കത്തിലാണ്. എല്ലാവരും തങ്ങളുടെ ഭൗതികമായ സ്വത്ത്, യാത്രയുടെ അവസാനത്തിൽ സുരക്ഷിതമായി കൊണ്ടുപോകുവാൻ കയ്യിൽ കരുതിയത് പരസ്പരമുള്ള ജീവനപ്രതി ഉപേക്ഷിക്കേണ്ടി വരുമ്പോഴും അടിത്തട്ടിലെ ആഴത്തിലെ ഉറക്കം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവന്റെ അനീതിയാണ്. ഒരാളെ പ്രതി മറ്റുള്ളവരുടെ കരുതലുകൾ എന്നെന്നേക്കുമായി നഷ്ടപ്പെടുമ്പോൾ അയാളുടെ ഉറക്കം എങ്ങനെയാണ് ന്യായീകരിക്കുന്നത്. ഒരുപക്ഷേ ഒരു ജൂതൻ എന്ന നിലയിൽ അയാളുടെ വംശശുദ്ധി ഒരു പുതപ്പന്നപോലെ അയാളുടെ ഉറക്കത്തിന്മേലെ മൂടിയിരിക്കണം.

'എഴുന്നേറ്റു ദൈവത്തെ വിളിക്കാ', കപ്പൽ പ്രമാണി അല്പം ഉറക്കെയാണ് പറഞ്ഞത് കാരണം ദൈവത്തെ മറന്നുപോയവന്റെ ഉറക്കം അത് ഒരു അഭിനയമാണ്. എല്ലാവരും തങ്ങളുടെ പ്രാണനുവേണ്ടി കപ്പലിൽ അക്ഷീണം പരിശ്രമിക്കുമ്പോൾ അയാൾ അവരുടെ പ്രാണനു വേണ്ടിയുള്ള പരക്കംപാച്ചിലിനെ തമാശയോടെയാണ് പകുതി കണ്ണു തുറന്നു നോക്കി കാണുന്നത്. ഇതിനിടയിൽ എത്രയോ മനുഷ്യർ തന്റെ മുമ്പിൽ കൂടി വന്നു പോയി അവരുടെ പ്രാണനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ മനപ്പൂർവം ഉറക്കം അയാൾ അഭിനയിക്കുകയായിരുന്നു. ഉറങ്ങിക്കിടക്കുന്ന ആളിനെ എഴുന്നേൽപ്പിക്കാൻ വളരെ പെട്ടെന്ന് കഴിയും എന്നാൽ ഉറക്കം നടിച്ച് കിടക്കുന്ന യോനായെ എഴുന്നേൽപ്പിക്കുവാൻ കപ്പൽ പ്രമാണി ഏറെ പ്രയാസപ്പെട്ടു. ഉറക്കം നടിച്ചു കിടക്കുന്ന യോനായുടെ കർണ്ണപടങ്ങളെ തുളച്ചു കയറത്തക്ക രീതിയിൽ കപ്പൽ പ്രമാണി പറഞ്ഞു 'എഴുന്നേറ്റു ദൈവത്തെ വിളിക്കാ.'



ദൈവത്തോട് പ്രാർത്ഥിക്കാൻ പറയുമ്പോഴും അയാൾക്ക് ഒരു തമാശയാണ്, ദൈവത്തിന്റെ വഴികളെ മനപ്പൂർവ്വം മറക്കുന്നവർക്ക് ദൈവം എന്ന പദം ഒരു തമാശയായി തോന്നും.

ജൂത വംശീയതയുടെ പ്രത്യേകത അതാണ്. ജൂത ജാതികളുടെ രൂപീകരണം (The Making of Nations) ക്ലാസിക്കൽ ജൂത വ്യാഖ്യാനസാഹിത്യം അതീവ സൂക്ഷ്മമായി തുറന്നുകാട്ടുന്നത്, ബൈബിളിലെ അബ്രാഹാമും എലോഹീമും തമ്മിലുള്ള ഒരു സംഭാഷണമായി വികസിപ്പിച്ചുകൊണ്ടാണ് (ഉല്പത്തി റബ്ബാ 55:7; Silbermann 1929:93):

'നിന്റെ മകൻ.'

അവൻ അവനോടു പറഞ്ഞു: 'എനിക്ക് രണ്ട് പുത്രന്മാർ ഉണ്ട്.'

അവൻ അവനോടു പറഞ്ഞു: 'നിന്റെ ഒരേയൊരു മകൻ.'

അവൻ പറഞ്ഞു: 'ഇവൻ അവന്റെ അമ്മയ്ക്കു ഒരേയൊരു മകനാണ്; മറ്റവൻ അവന്റെ അമ്മയ്ക്കു ഒരേയൊരു മകനാണ്.'

അവൻ അവനോടു പറഞ്ഞു: 'നീ സ്നേഹിക്കുന്നവനെ.'

അവൻ അവനോടു പറഞ്ഞു: 'ഞാൻ ഇരുവരെയും സ്നേഹിക്കുന്നു.'

അവൻ അവനോടു പറഞ്ഞു: 'ഇസഹാക്കിനെ.'

ഇഷ്മായേൽ ഇതിനുമുമ്പത്തെ അധ്യായത്തിൽ തന്നെ അയച്ചുവിട്ടിരിക്കയാൽ, ഈ സങ്കീർണ്ണത ഒഴിവാക്കാമായിരുന്നു എന്ന് റബ്ബിമാർക്ക് തീരുമാനിക്കാമായിരുന്നു; അങ്ങനെ ചെയ്തിരുന്നെങ്കിൽ, ഈ കഥയിൽ ഇഷ്മായേൽ ഇതിനകം തന്നെ അപ്രസക്തനായി മാറുമായിരുന്നു. എന്നാൽ റബ്ബിനിക് പുനരാഖ്യാനം അത്തരം ലളിതമായ പരിഹാരത്തെ സ്വീകരിക്കുന്നില്ല. പുനർവായനയിൽ, ആധുനിക ഗവേഷണങ്ങളിൽ പലതിലും കാണുന്നതിലേറെ ഗൗരവം ഉണ്ടെന്ന് തന്നെ പറയേണ്ടതാണ്.

ഉല്പത്തി 22:2-ൽ കാണുന്ന തിരിച്ചറിവുകളുടെ ക്രമാനുസൃതമായ വിവരണം, പഴയ മുറിവുകളെ വീണ്ടും തുറക്കുന്നതുപോലെയാണ്: അബ്ര

ഹാമിന് ഒരേയൊരു മകനല്ല, രണ്ട് പുത്രന്മാർ ഉണ്ട്. മുൻ അധ്യായത്തിൽ (21:13) ഇഷ്മായേൽ അബ്രാഹാമിന്റെ സന്തതിയാണെന്ന് പ്രത്യേകം ഊന്നിപ്പറയുന്നത് എലോഹീമാണ് എന്നതും ശ്രദ്ധേയമാണ്.

കൂടാതെ, ഉല്പത്തി 17:18-ൽ ഇഷ്മായേലിന് വേണ്ടി അബ്രാഹാം വാദിക്കുന്നതിലും, 21:10-11 ൽ ഇസഹാക്കിനെക്കുറിച്ചുള്ള സാറയുടെ വാദപരമായ ആശങ്കയ്ക്കുള്ള അവന്റെ പ്രതികരണത്തിലും ഏതെങ്കിലും സ്വാർത്ഥതയുടെ അംശങ്ങൾ പ്രതിഫലിക്കുന്നുണ്ടെങ്കിൽപോലും, ഇഷ്മായേൽ തന്റെ പിതാവാൽ സ്നേഹിക്കപ്പെടുന്നില്ല എന്ന സൂചന കഥയിൽ എവിടെയും കാണുന്നില്ല.

ഇത്രയും ചെറുതായൊരു വാചകഭാഗത്തിനുള്ളിൽ തന്നെ ദൈവിക ശബ്ദം സ്വയം വിരുദ്ധമാകാൻ എഡിറ്റർമാർ എങ്ങനെ അനുവദിച്ചു എന്നത് ഒരാൾക്ക് ആശ്ചര്യമാകാം. ഉല്പത്തി 21:13 നും 22:2 നും ഇടയിലെ വ്യത്യാസം ഇഷ്മായേലിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് നിലകൊള്ളുന്നതെന്നത് യാദൃശ്ചികമല്ല. 21:13 ൽ ഇഷ്മായേലിനെ അബ്രാഹാമിന്റെ സന്തതിയായി ദൈവം അനുകൂലമായി പരാമർശിക്കുന്നതിനെ, 22:2 ലെ ദൈവിക കല്പന അതിവേഗം മറച്ചു കളയുന്നു. നീതിപുലർത്താത്ത ജൂത പ്രവാചകന്മാർ സ്വയം ഉറക്കം നടിച്ചു കൊണ്ടേയിരിക്കും.



ഫാ. തോമസ് വർഗീസ് അമയിലിന്റെ മാതാവ് അന്തരിച്ചു

മാരാമൺ: മലങ്കര ഓർത്തഡോക്സ് സഭ വൈദിക ട്രസ്റ്റി ഡോ. ഫാ. തോമസ് വർഗീസ് അമയിലിന്റെ മാതാവ് അമയിൽ അമ്മിണി വർഗീസ് (78) അന്തരിച്ചു. ഭർത്താവ് പരേതനായ എ. സി. വർഗീസ്. പരേത ചിറ്റാർ വളവിങ്കൽ കുടുംബാംഗമാണ്.

സംസ്കാരം നാളെ ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം 12 മണിക്ക് പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ മാരാമൺ മർത്തമറിയം ഓർത്തഡോക്സ് പഴയ സുറിയാനി പള്ളിയിൽ.

മറ്റ് മക്കൾ: പരേതനായ റെജി വർഗീസ്, ലിജി വർഗീസ്.

മരുമക്കൾ: സിന്റി റെജി (പി.ആർ.ഒ., സാമൂഹ്യക്ഷേമ കേന്ദ്രം, കാഞ്ഞിറ്റുകര), ചെങ്ങന്നൂർ പുന്നപ്പുഴ സോഫിയ പി. എബ്രഹാം (ടീച്ചർ, എം.ജി.എം. എച്ച്.എസ്.എസ്., തിരുവല്ല), തോട്ടയ്ക്കാട് മുല്ലശേരിൽ മനോജ് ജോൺ.



മാവേലിക്കര തഴക്കര എം.എസ്. സെമിനാരി ഹൈസ്കൂളിന്റെ പുനർനവീകരണ കൂദാശയ്ക്കു ശേഷം നടന്ന പൊതുസമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു.




നിയുക്തി 2026. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയികളായവർക്ക് തുമ്പമൺ മെത്രാസനം നൽകിയ സ്വീകരണം.



ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, നിലമ്പൂർ MLA ആര്യാടൻ ഷൗക്കത്ത് എന്നിവർ ചേർന്ന് മലബാർ ഭദ്രാസന കൺവെൻഷനിൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സഭാംഗങ്ങൾക്ക് മലബാർ ഭദ്രാസനത്തിന്റെ ആദരം നൽകി.

പുസ്തകം

വില്പനയിൽ



സഭാജീവിത നാളാഗമം

(വാല്യം ഒന്ന്)

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായ, സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. 350 പേജ്. വില 400 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

2026 ജനുവരി 10-നു പ്രസിദ്ധീകരിക്കുന്നു. ജനുവരി 10-നു മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 320 രൂപയ്ക്ക് തപാലിൽ ലഭിക്കുന്നു.

പ്രസാധകർ: **ജ്യോതിസ്സ് പബ്ലിക്കേഷൻസ്, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ**

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി



സെന്റ് സ്റ്റീഫൻസ് അവാർഡ് വെല്ലൂർ സ്നേഹഭവനു സമ്മാനിച്ചു

കുടശ്ശനാട്: സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടന ദേവാലയത്തിലെ പടിഞ്ഞാറുഭാഗം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നൽകി വരുന്ന സെന്റ് സ്റ്റീഫൻസ് അവാർഡിന് അർഹമായ വെല്ലൂർ സ്നേഹ ഭവനു ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അവാർഡ് സമ്മാനിച്ചു. സ്നേഹഭവൻ ഡയറക്ടർ ഫാ. സജു ഉണ്ണൂണ്ണി പുരസ്ക്കാരം ഏറ്റുവാങ്ങി. തമിഴ്നാട്ടിലെ വെല്ലൂർ സിഎംസി ഹോസ്പിറ്റലിനോട് ചേർന്ന് പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മദ്രാസ് ഭദ്രാസനതിനു കീഴിലുള്ള ഗൈഡൻസ് സെന്റർ ആണ് വെല്ലൂർ സ്നേഹഭവൻ. കാൻസർ അടക്കമുള്ള മാരകമായ രോഗങ്ങളുടെ വിദഗ്ധ ചികിത്സക്കായി കടന്നു വരുന്ന രോഗികൾക്കു കഴിഞ്ഞ 35 വർഷത്തിൽ അധികമായി സ്തുത്യർഹമായ സേവനം നൽകുന്ന സ്ഥാപനമാണ്.



മലങ്കര ഓർത്തഡോക്സ് സഭയിലെ പുരാതനവും പ്രസിദ്ധവുമായ മദ്ധ്യ തിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷന് എബ്രഹാം മാർ സെറാഫിം തിരി തെളിയിക്കുന്നു.



കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടനകേന്ദ്രത്തിലെ പള്ളിഭാഗം യുവജനപ്രസ്ഥാനം ഏർപ്പെടുത്തിയ 12-ാമത് യുവദീപ്തി പുരസ്കാരം ഫാ. ഡാനിയേൽ പുല്ലേലിലിന് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നൽകി ആദരിച്ചു.



വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ചെയ്തു

കോട്ടയം: പ്ലസ് വൺ തലം മുതൽ മുകളിലേക്ക് ഉപരി പഠനം നടത്തുന്ന സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവിധ മതസ്ഥരായ 550 വിദ്യാർത്ഥികൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശക്തികരണ വിഭാഗം ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്പെഷ്യൽ സ്കോളർഷിപ്പ് സമ്മാനിച്ചു. മലങ്കര സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

പങ്കുവെക്കലാണ് മനുഷ്യജീവിതത്തിന്റെയും മാനവസ്നേഹത്തിന്റെയും അടിസ്ഥാനമമെന്ന് കാതോലിക്കാ ബാവാ പറഞ്ഞു. പഠിച്ച് ജോലി നേടുമ്പോൾ പഠനത്തിനായി ബുദ്ധിമുട്ടുന്നവരെ സഹായിക്കുവാൻ മനസുള്ളവരായിത്തീരണം. സഭ നൽകുന്ന കൈത്താങ്ങൽ ഒരു പ്രസാദം പോലെയോ നേർച്ച ഭക്ഷണം പോലെയോ കണക്കാക്കാം. മുന്നോട്ടുള്ള ജീവിതത്തിൽ അത് അനുഗ്രഹത്തിന് കാരണമായി തീരാൻ സഭയുടെ പ്രാർത്ഥനയുണ്ടാകുമെന്നും പ. ബാവാ കൂട്ടിച്ചേർത്തു.

പ്ലസ് ടു, നഴ്സിംഗ്, എഞ്ചിനീയറിംഗ്, മെഡിസിൻ തുടങ്ങി ഓരോ വിദ്യാർത്ഥിയുടെയും ആവശ്യങ്ങൾക്ക് അനുസൃതമായാണ് സ്കോളർഷിപ്പ് തുക വകയിരുത്തിയത്. തെലങ്കാനയിലെ യാച്ചാരത്തുള്ള സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിലെ കുഷ്ഠരോഗികളുടെ മക്കളും സ്കോളർഷിപ്പിന് അർഹരായി. ഞാലിയാകുഴി മാർ ബസേലിയോസ് ദയറ സുപ്പീരിയർ മത്തായി റമ്പാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. പി. എ. ഫിലിപ്പ്, പ്രൊഫ. പി. സി. വർഗീസ്, കെ. ജെ. ജേക്കബ് കൊച്ചേട്ട്, ജോർജ് എബ്രഹാം എന്നിവർ പ്രസംഗിച്ചു. ജോളി അടിമത്ര ക്ലാസ് നയിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള മുഴുവൻ തുകയും സഭക്ക് കൈമാറിയത് ഐക്കൺ ചാരിറ്റീസ് സംഘടനയാണ്.

മാർ പീലക്സിനോസ് അവാർഡ് ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്

പത്തനംതിട്ട: കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപകൻ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ സ്മരണാർത്ഥം സാമൂഹ്യ വിദ്യാഭ്യാസ മേഖലയിൽ സമഗ്ര സംഭാവന നല്കുന്നവർക്കായി കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂൾ ഏർപ്പെടുത്തിയ അവാർഡ് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക്.



സ്കൂൾ വാർഷികത്തോടനുബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുൻ ചെയർമാൻ ജസ്റ്റീസ് ബെഞ്ചമിൻ കോശി അവാർഡ് സമർപ്പിക്കും. ഫലകവും പ്രശസ്തിപത്രവും 25,000 രൂപയും അടങ്ങുന്നതാണ് അവാർഡ്.

ഡോ. റോയിസ് മല്ലശേരി (ചെയർമാൻ), അബ്ദുൾ മനാഫ്, പ്രീത് ചന്ദനപ്പള്ളി, ജേക്കബ് ജോർജ്, ഫാ. ഷൈജു കുര്യൻ, ബിനോദ് മാത്യു എന്നിവരടങ്ങിയ അവാർഡ് നിർണയ കമ്മിറ്റിയാണ് ജേതാവിനെ കണ്ടെത്തിയത്.